OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. IV Book.01 Regd. No. ER/450/2001 1197 ധനു – മകരം 2022 ജനുവരി Date: 31.01.2022

# മിന്നും പ്രൗഢിയോടെ കൊച്ചിൻ കാർണിവൽ

കൊളോണിയൽ കാലഘട്ടത്തിൽ പോർച്ചുഗീസുകാർ ആവിഷ്കരിച്ച വിസ്മയിപ്പിക്കുന്നതും അതുല്യവുമായ അനുഭവമാണ് കൊച്ചിൻ കാർണിവൽ. ഈ ആഘോഷങ്ങളിൽ ഉൾക്കൊള്ളുന്ന കലാ കായിക പ്രകടനങ്ങൾ ആകർഷകമായ ചാരുതയോടെ മിന്നുന്ന പ്രൗഢി പകരുന്നു. ആചാരപരമായ ഫിയസ്റ്റ ആളുകൾക്ക് ഗംഭീരമായി ആഘോഷിക്കാൻ അനുയോജ്യമായ അന്തരീക്ഷം നൽകുന്നു, ഒരാളുടെ സംതൃപ്തി, പുത്തൻ പുലരിയുടെ സന്ദർഭം, അടയാളപ്പെടുത്താൻ നാടൻ നിറത്തിലുള്ള നാടൻ വസ്ത്രങ്ങളോടെയാണ് ആളുകൾ എത്തുന്നത്. ഇവ കൊച്ചിൻ കാർണിവലിന് ഒരു നിർണായക നിറം നൽകുന്നു. ഫോർട്ട് കൊച്ചി എല്ലാ വർഷവും ഡിസംബർ അവസാന വാരം കൊച്ചിൻ കാർണിവലിന്റെ ആതിഥേയത്വം വഹിക്കുന്നു,

# പുതുവർഷം

കാർണിവൽ പുതുവർഷത്തോടെ നടക്കുന്നു, പുതുവത്സര ദിനത്തിൽ ഫോർട്ട് കൊച്ചി വഴിയുള്ള ഒരു വലിയ ഘോഷയാത്രയോടെ അവസാനിക്കുന്നു. പുതുവത്സര ദിനത്തിൽ നടക്കുന്ന കൂറ്റൻ ഘോഷയാത്രയാണ് കാർണിവലിന്റെ പ്രധാന ആകർഷണം. നെറ്റിപ്പട്ടം കെട്ടി അലങ്കരിച്ച ആനയുടെ അകമ്പടിയോടെ, ഡ്രമ്മുകളുടെയും സംഗീതത്തിന്റെയും, ആരവങ്ങളോടെ വിവിധ ദക്ഷിണേന്ത്യൻ, ഉത്തരേന്ത്യൻ നാടോടി നൃത്തങ്ങളും അരങ്ങേറുന്ന കാർണിവൽ കാണേണ്ട കാഴ്ച്ച തന്നെയാണ്.



നെറ്റിപ്പട്ടം അണിഞ്ഞ ഗജവീരന്റെ അകമ്പടി

ആ നിമിഷങ്ങളുടെ അനുഭവം നമ്മളുടെ ഓർമ്മയിൽ എന്നും തങ്ങിനിൽക്കും. ഉത്സവത്തോടനുബന്ധിച്ച് വിവിധ ദക്ഷിണേന്ത്യൻ, ഉത്തരേന്ത്യൻ നാടോടി നൃത്തങ്ങളും അരങ്ങേറുന്നു.



ആകർഷകമായ നാടോടി പ്രകടനങ്ങൾ

## സാന്താ ബേണിംഗ്

പാപ്പാഞ്ഞി ഒരു വൃദ്ധന്റെ ഭീമാകാരമായ പ്രതിമയാണ്. പാപ്പാനെ കൃത്യമായി അർദ്ധരാത്രിയിൽ കത്തിക്കുന്നത് കടന്നുപോകുന്ന ഒരു വർഷം അവസാനക്കുന്നതിനെയും പുതുവർഷത്തെ സ്വാഗതം ചെയ്യുന്നതിനെയും സൂചിപ്പിക്കുന്നു. ഇത് എല്ലാ തിന്മകളേയും കത്തിക്കുകയും ഒരു പുതിയ നന്മ നിറഞ്ഞ പുതുവർഷത്തിന്റെ നാന്ദി കുറിക്കുകയും ചെയ്യുന്നതിന്റെ മനോഹരമായ സങ്കല്പമാണ്. തുടർന്ന് പുലർച്ചെ വരെ നൃത്ത-സംഗീത സത്കാരം. പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി പോർച്ചുഗീസുകാർ കൊച്ചിയിൽ ഇന്ത്യയിലെ ആദ്യത്തെ താവളം സ്ഥാപിച്ചപ്പോൾ ആരംഭിച്ച ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 500 വർഷം പഴക്കമുള്ള പാരമ്പര്യമാണ് പാപ്പാഞ്ഞിയെ കത്തിക്കുന്നത്. ഇത് കാർണിവലിന്റെ ഭാഗമാകുന്നതിന് മുമ്പ്, പ്രാദേശിക ക്ലബ്ബുകൾ പ്രദേശത്തുടനീളം പാപ്പാഞ്ഞി ആഘോഷങ്ങൾ നടത്തിയിരുന്നു. അത് കാർണിവലുമായി ലയിച്ചു, ഇതിഹാസവും വളർന്നു. പാപ്പാൻ സാന്താക്ലോസിനെപ്പോലെയാണ്. കാലക്രമേണ, സാന്തയുടെ കോലം കത്തിക്കാൻ തുടങ്ങി, എന്നാൽ പിന്നീട് അത് ശരിയാക്കി.



സാന്താ ബേണിംഗ് കൊച്ചിയിൽ

പ്രതീക്ഷയുടെയും ഐക്യത്തിന്റെയും ഒരു വർഷം നീണ്ടുനിൽക്കുമെന്ന് വിശ്വസിക്കുന്ന പുതുവത്സര വരവിനെ ഫോർട്ട് കൊച്ചി ബീച്ചിലെ സാന്താ ബേണിംഗ് പ്രതീകപ്പെടുത്തുന്നു. എരിയുന്ന പപ്പാഞ്ഞിയുടെ കാഴ്ചയിൽ അഭിരമിക്കുക, തുടർന്ന് നിങ്ങളുടെ പ്രിയപ്പെട്ട എല്ലാ ഇഷ്ട വിഭവങ്ങളും ഉൾക്കൊള്ളുന്ന ഒരു മഹത്തായ പാർട്ടി. കേരളത്തിലെ പുതുവത്സരാഘോഷ വേളയിൽ വിവിധ വിഭാഗങ്ങളിൽ നിന്നും ജാതികളിൽ നിന്നും മതങ്ങളിൽ നിന്നുമുള്ള ആളുകൾ പാപ്പാഞ്ഞി കത്തിക്കുന്ന ഉത്സവം ആസ്വദിക്കുന്നു. ചടുലമായ വേഷവിധാനങ്ങളോടും വ്യത്യസ്തമായ സംഗീതത്തോടും കൂടി ആനകളെ എഴുന്നള്ളിച്ചും ആകർഷകമായ നാടോടി പ്രകടനങ്ങൾ നടത്തിയും ആരെയും ആകർഷിക്കുന്ന അവിശ്വസനീയമായ കാഴ്ചയാണ് ഘോഷയാത്ര. പുതുവത്സരം ആരംഭിക്കാനുള്ള എത്ര മികച്ച മാർഗം !!

## കൊച്ചി

ആഗോള വിനോദസഞ്ചാരി ഭൂപടത്തിൽ ഉൾപ്പെടുന്ന ആദ്യത്തെ അൻപത് ദേശങ്ങളിൽ ഒന്നാണ് നമ്മുടെ കൊച്ചു കേരളത്തിലെ കൊച്ചി. ആയിരക്കണക്കിന് സഞ്ചാരികൾ സന്ദർശിച്ചു മടങ്ങുന്ന, അഞ്ഞൂറിലേറെ വർഷങ്ങളിലെ വിദേശാധിപത്യത്തിന്റെ ചരിത്രമുറങ്ങുന്ന പൈതൃക ഭൂപ്രദേശം. എങ്കിലും ഒരു കാലത്ത് കൊച്ചി കണ്ടവന് അച്ചി വേണ്ടെന്ന് വിശ്വസിച്ചവർക്ക് മുറ്റത്തെ ഈ മുല്ലയ്ക്ക് ഇന്ന് അത്ര മണമില്ലെന്നുണ്ടോ?




# റിപ്പബ്ലിക് ദിനം

1947 ഓഗസ്റ്റ് 15-ന് ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി. അതിന് ശേഷം ഡോ. ബാബാസാഹേബ് അംബേദ്കർ ചെയർമാനായ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഭരണഘടന തയ്യാറാക്കി. ബ്രിട്ടീഷുകാരുടെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെ (1935) പിൻവലിച്ച് 1950 ജനുവരി 26ന് ഇന്ത്യയുടെ ഭരണഘടന രാജ്യമെമ്പാടും നിലവിൽ വന്നു. ഇന്ത്യയുടെ പരമോന്നത ഭരണഘടന നിലവിൽ വന്നതിന്റെ ഓർമ്മക്കായാണ് ജനുവരി 26 രാജ്യം റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്.



2004 ലെ പരേഡിൽ അഗ്നി-2 മിസൈൽ.

1947 മുതൽ 1950 വരെയുള്ള കൈമാറ്റ കാലയളവിൽ ജോർജ്ജ് നാലാമനായിരുന്നു ഇന്ത്യയുടെ ഭരണതലവൻ. ആ കാലഘട്ടത്തിലെ ഗവർണർ ജനറൽ സി. രാജഗോപാലാചാരി ആയിരുന്നു. 1950 ജനുവരി 26 ന് ഡോ. രാജേന്ദ്രപ്രസാദ് ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതിയായി തെരെഞ്ഞെടുക്കപ്പെട്ടു.

## ആഘോഷങ്ങൾ

ഈ ദിവസത്തിന്റെ പ്രാധാന്യം നിലനിർത്താൻ എല്ലാ വർഷവും ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡൽഹിയിൽ വൻ സൈനിക പരേഡുകളും സാംസ്കാരിക പരിപാടികളും നടത്തപ്പെടുന്നു. സൈനിക പരേഡ് രാഷ്ട്രപതി ഭവനിൽ തുടങ്ങി രാജ്പഥിൽ കൂടി ചരിത്ര പ്രസിദ്ധമായ ചെങ്കോട്ടയിൽ ചെന്ന് ചേർന്ന് അവസാനിക്കുന്നു. ഇന്ത്യയുടെ മൂന്ന്സേനകളായ കരസേന, നാവികസേന, വ്യോമസേന എന്നിവരുടെ സൈനികർ അവരുടെ മുഴുവൻ ഔദ്യോഗിക വേഷത്തിൽ ഈ ദിവസം പരേഡ് നടത്തുന്നു. ഇന്ത്യൻ സൈന്യത്തിന്റെ പരമോന്നത നേതാവായ രാഷ്ട്രപതി ഈ സമയം സല്യൂട്ട് സ്വീകരിക്കുന്നു. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം കാണിക്കുന്ന ഒരുപാട് കാഴ്ചകളും ഈ പരേഡിൽ പ്രദർശിപ്പിക്കപ്പെടുന്നു. കൂടാതെ ഇന്ത്യൻ വ്യോമസേനയുടെ വിമാന സൈനിക പ്രദർശനങ്ങളും ഈ ദിവസം നടക്കുന്നു.

ഡൽഹി കൂടാതെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും അതാത് സംസ്ഥാനത്തെ ഗവർണർമാർ പതാക ഉയർത്തുകയും ചെയ്യുന്നു.








The Constitution of India

PREAMBLE

WE, THE PEOPLE OF INDIA,
having solemnly resolved to constitute India into a
SOVEREIGN SOCIALIST
SECULAR DEMOCRATIC REPUBLIC
and to secure to all its citizens:

JUSTICE, social, economic and political;
LIBERTY of thought,
expression, belief, faith and worship;

EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the
individual and the unity and
integrity of the Nation;

IN OUR CONSTITUENT ASSEMBLY
this twenty-sixth day of November, 1949, do
HEREBY ADOPT, ENACT AND GIVE TO
OURSELVES THIS CONSTITUTION.



2022 ലെ റിപ്പബ്ലിക് ദിനപരേഡിൽ നിന്ന്

# ജനുവരി 30 രക്തസാക്ഷി ദിനം

ദേശീയ തലത്തിൽ ജനുവരി 30 നാണ് രക്തസാക്ഷിദിനമായി ആചരിക്കുന്നത്. നഥൂറാം വിനായക് ഗോഡ്സെ എന്ന ഭീകരവാദിയുടെ കരങ്ങളാൽ 1948 ൽ മോഹൻദാസ് കരംചന്ദ്ഗാന്ധി കൊല്ലപ്പെട്ട സംഭവത്തെ തുടർന്നാണ് ഈ ദിനം രക്തസാക്ഷിദിനമായി ആചരിക്കുന്നത്.



ആ ചുവടുകൾ

“ ഏതാനും ചുവടുകൾ മാത്രം മുന്നോട്ടുവെച്ച് ഗാന്ധിജി നിലം പതിച്ചു. മണ്ണിൽ മഹാത്മാവിന്റെ രക്തം പടർന്നു. ബഹളത്തിനിടയിൽ കണ്ണടയും ചെരിപ്പും എങ്ങോട്ടോ തെറിച്ചുവീണു. എന്തുചെയ്യണം എന്നറിയാതെ സ്തബ്ധനായിപ്പോയി ഞാൻ . പിന്നീട് ഒറ്റയ്ക്കിരുന്ന് ഞാൻ എത്രയോ കരഞ്ഞിട്ടുണ്ട്” .



ആ വന്യ നിമിഷങ്ങളുടെ ഓർമ്മയിൽ മഹാത്മജിയുടെ അവസാനകാലത്തെ സെക്രട്ടറി യായിരുന്ന വി. കല്യാണം



അഹിംസ, ഉപ്പ്, ചർക്ക, ഖാദി, നിരാഹാര സത്യാഗ്രഹം, നിസ്സഹകരണം തുടങ്ങി സാമാന്യ ജനത്തിന്റെ പരിദേവനങ്ങൾ

ആയുധമാക്കി ഗാന്ധിജി

> "ഗാന്ധിജിയുടെ ജീവിതവും മരണവും മതസൗഹാർദത്തിനു വേണ്ടിയുള്ള ആത്മസമർപ്പണമായിരുന്നു. അതുകൊണ്ട് , അതിരുകളില്ലാത്ത മത സാഹോദര്യവും സമാധാനപരമായ സഹവർത്തിത്വവും സാർഥകമാക്കിക്കൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ രക്ത സാക്ഷിത്വത്തിന്റെ ഓർമകൾ ഇന്ത്യക്കാർ അനശ്വരമാക്കേണ്ടത്".

സി . രാജഗോപാലാചാരി , 1948 ഫെബ്രുവരി 28 - ന് , ആകാശവാണിയിലൂടെ പറഞ്ഞ ഈ വാക്കുളാണ് ഏറ്റവും പ്രസക്തം എന്നു തോന്നുന്നു .



സി . രാജഗോപാലാചാരി, സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ ഗവർണർ ജനറൽ

# തിരുവല്ലയിൽ ബാങ്ക് ഡിസ്പെൻസറി

നമ്മുടെ അസോസിയേഷന്റെ ദീർഘകാലമായുള്ള ആവശ്യം, തിരുവല്ല ഡിസ്പെൻസറി, നിരന്തര പരിശ്രമങ്ങൾക്കും തുടർനടപടികൾക്കും ഒടുവിൽ യാഥാർഥ്യം ആകുന്ന വിവരം എല്ലാ മാന്യ മെമ്പർമാരെയും അറിയിക്കുന്നതിൽ അതീവ സന്തോഷം ഉണ്ട്. കെഎസ്ആർടിസിക്ക് എതിർവശത്ത് എസ്ബിഐ തിരുവല്ല മെയിൻ ബ്രാഞ്ചിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്നു.



റീജിയണൽ മാനേജർ ശ്രീമതി. ഷീബ ചിതജൻ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടന കർമ്മം നടത്തുന്നു.

2022 ജനുവരി 3 തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് ഡിസ്പെൻസറിയുടെ ഉദ്ഘാടന കർമ്മം കൊല്ലം ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ മഹേഷ് കുമാർ എം എ. യുടെ അഭാവത്തിൽ റീജിയണൽ മാനേജർ ശ്രീമതി.ഷീബ ചിതജൻ ഭദ്രദീപം തെളിയിച്ച് നടത്തി. ബാങ്കിന്റെ പുതുവത്സര സമ്മാനം.

പത്തനംതിട്ട ജില്ലയിലെ അംഗങ്ങളുടെ വളരെക്കാലത്തെ ആവശ്യമായിരുന്ന തിരുവല്ല ഡിസ്പെൻസറി യാഥാർത്ഥ്യമാക്കാൻ സാധിച്ചതിൽ എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ (കേരള) അഭിമാനിക്കുന്നു.. സംഘടനയുടെ പിൻബലവും കൂട്ടായ പരിശ്രമങ്ങളുമാണ് ഈ നേട്ടത്തിന് പിന്നിൽ എന്ന് കൊല്ലം ഡി.ജി.എസ് ഗണപതി കൃഷ്ണൻ. പറഞ്ഞു.



തിരുവല്ലയിൽ ബാങ്ക് ഡിസ്പെൻസറിയുടെ ഉദ്ഘാടന ത്തോടനുബന്ധിച്ച് ചടങ്ങിൽ കൊല്ലം ഡി.ജി.എസ് ഗണപതി കൃഷ്ണൻ സംസാരിക്കുന്നു.. പത്തനംതിട്ട ജില്ലയിലെ രണ്ടാമത്തെ ഡിസ്പെൻസറിയാണിത്.

നമ്മുടെ സംഘടനയുടെ ദീർഘകാല പരിശ്രമത്തിന്റെ ഫലം കിട്ടിയിരിക്കുന്നു. ഇതിനായി പരിശ്രമിച്ച നമ്മുടെ നേതാക്കളെയും അനുവദിച്ചു തന്ന ബാങ്ക് അധികാരി കളെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഡിസ്പെൻസറി തിരുവല്ല എസ്ബിഐ, പ്രധാന ശാഖയിൽ തിങ്കൾ, ബുധൻ, വെള്ളി പ്രവൃത്തി ദിവസങ്ങളിൽ 3.30 മുതൽ 5.30 വരെ പ്രവർത്തിക്കുന്നു. ഡോ ലീന ചാണ്ടിയാണ് ചാർജ്ജ് വഹിക്കുന്നത്.. മൊബൈൽ നമ്പർ 7994835121.

തിരുവല്ലയിലും പരിസരത്തും ഉള്ള മെമ്പർമാർ ഡിസ് പെൻസറിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തണം എന്ന് ജില്ലാ സെക്രട്ടറി പി ഐ മാത്യു അഭ്യർത്ഥിച്ചു..



പി ഐ മാത്യു
ജില്ലാ സെക്രട്ടറി

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ ഭരണ സമിതി യോഗം 2021 ജനുവരി മാസം 5–ാം തിയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. ഡി.ജി.എസ്, എ.ജി.എസ് എന്നിവരുൾപ്പടെ 17 അംഗങ്ങൾപങ്കെടുത്തു. ജില്ലാ പ്രസിഡന്റ് എം.ജി.രാഘ വൻ, അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗ ത്തിന് ശേഷം നമ്മുടെ സംഘടനയിൽ അംഗങ്ങളായ വരുടെ കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും ദേഹവിയോഗത്തിൽ യോഗം ദു:ഖം രേഖപ്പെടുത്തു കയും പരേതരുടെ ആത്മശാന്തിക്കായി ഒരു മിനിട്ട് പ്രാർത്ഥനയോടെ മൗനമാചരിക്കയും ചെയ്തു.



യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരി പ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

ഓഗസ്റ്റ് മാസം 31 വരെയുള്ള കണക്കുകൾ കഴിഞ്ഞ യോഗത്തിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ, അതിന് ശേഷം നമ്മുടെ അക്കൗണ്ടിലെ ഇന്റെർനെറ്റ് സൗകര്യ ത്തിൽ വരുത്തിയ അനിവാര്യമായ ചില ഭേദഗതികൾ മൂലം സ്റ്റേറ്റ്മെന്റ് എടുക്കാൻ കഴിയാതെയായി. പ്രശ്നം പരിഹരിച്ചു അടുത്തമാസത്തോടെ സ്റ്റേറ്റ്മെന്റുകൾ കിട്ടിത്തുടങ്ങുമെന്നാണ് പ്രതീക്ഷയെന്ന് പ്രസിഡന്റ് യോഗത്തിൽ വിശദീകരിച്ചു. ഈ പ്രത്യേക സാഹചര്യ ത്തിൽ അടുത്ത കമ്മറ്റിയിൽ അതുവരെയുള്ള കണക്കു കൾ പൂർണ്ണമായി അവതരിപ്പിക്കുന്നതിന് യോഗം അനുമതി നല്കി.

ജില്ലാതലത്തിലുള്ള ഭാരവാഹികളുടെ ത്രൈവാർഷി ക തിരഞ്ഞെടുപ്പ് സമാഗതമായിരിക്കയാൽ റിട്ടേണി ങ്ങ് ഓഫീസറടക്കമുള്ള മൂന്നംഗ ഇലക്ഷൻ കമ്മറ്റിയെ അനുയോജ്യരായവരെ ബന്ധപ്പെട്ട് തീരുമാനമക്കു ന്നതിന് ഡി.ജി.എസ്., പ്രസിഡന്റ്, സെക്രട്ടറി വൈസ്

പ്രസിഡന്റുമാർ എന്നിവരടങ്ങിയ ഒരു സബ് കമ്മറ്റിയെ ചുമതലപ്പെടുത്തി. ഏഴ് ഏരിയാ കമ്മറ്റികളുടേയും തിരഞ്ഞെടുപ്പുകൾ ഒരു മാസത്തെ നോട്ടീസ് കാലാവധി തീരുന്ന മുറയ്ക്ക് ഫെബ്രുവരി രണ്ടാമത്തെ വാരം മുതൽ നടത്താനും തീരുമാനിച്ചു. ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ എന്നീ പദവി കളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് മാർച്ച് മാസത്തിൽ 12-ാം തിയതി ശനിയാഴ്ച നടത്താനും തീരുമാനിച്ചു.

ഏറ്റുമാനൂർ ഏരിയാക്കമ്മറ്റി കൺവീനർ ശ്രീ. സി.പി. മാത്യു നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

# എസ്.ബി.ഐ. ഹെൽത്ത് അസ്സിസ്റ്റ്- പോളിസി B

## പുതിയതായി ചേരാനും പുതുക്കാനും അവസാന തീയതി 15-02-2022 വരെ നീട്ടി



മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്. കോട്ടയം

## ധാരണകളും മിഥ്യാ ധാരണകളും ചില ചിന്തകൾ പങ്ക് വെയ്ക്കുന്നു

എസ്.ബി.ഐ.ഹെൽത്ത്കെയർ (പോളിസി-A) ഉണ്ടല്ലോ പിന്നെയെന്തിനാണ് 19,520/- രൂപ മുടക്കുന്നത്? നഷ്ടമല്ലേ !! ഇപ്പോൾ ആരോഗ്യ പ്രശ്നങ്ങൾ ഇല്ല !!

ഇപ്പോൾ ആരോഗ്യ പ്രശ്നങ്ങൾ ഇല്ല. ഒരിക്കലും ഉണ്ടാവാതിരിക്കട്ടെയെന്നാണ് നമ്മുടെ എല്ലാവരുടേയും ആഗ്രഹം. പക്ഷേ പ്രകൃതി നിയമങ്ങളിൽ നിന്നും ആർക്കും മോചനമില്ലെന്ന് ഓർമ്മിക്കുക. നാം ജീവിത സായാഹ്നത്തിലാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുക. എപ്പോഴാണ് ഇവ കടന്നു വരുന്നതെന്നത് ആർക്കും മുൻ കൂട്ടി പ്രവചിക്കാൻ കഴിയുകയില്ല. തീർത്തും അനിശ്ചിതം. ആവശ്യം വരുന്ന സമയത്ത് പോളിസി എടുക്കാമെന്ന് വിചാരിച്ചാൽ ഒരു കമ്പനിയും ഇൻഷ്വറൻസ് തരികയില്ല.

### ഒരു താരതമ്യ പഠനം

എത്ര ശ്രദ്ധയോടെ ആണ് നമ്മൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ മെയിന്റെനൻസിന്, നന്നാക്കൽ, പകരം മാറ്റിവെയ്ക്കൽ , പരിരക്ഷയ്ക്കു ഇൻഷുറൻസ് , ബംബർ ടു ബംബർ കവർ എന്നിവയ്ക്ക് പണം മുടക്കുന്നത്? എന്നാൽ അതിലും എത്ര കോടികൾ വിലമതിക്കുന്ന പാർട്ട്സ്കളാണ് നമ്മുടെ ശരീരത്തിൽ ഉള്ളത്. അതിന്റെ മെയിന്റെനൻസ്, നന്നാക്കൽ പകരം വെയ്ക്കൽ ഇതിന് പണം ആവശ്യമാണ് . ഭീമമായ ചികിത്സാച്ചിലവുകൾ,

ഉദാ : 1) അടുത്തയിടെ നമ്മുടെ ഒരു അംഗത്തിനു വേണ്ടിവന്നത് 16 ലക്ഷം രൂപ പോളിസി B അഡിഷണൽ ടോപ്അപ്പ് ഉണ്ടായിരുന്നത് കൊണ്ട് വീടും പറമ്പും വില്ക്കാതെ രക്ഷപ്പെട്ടു .

2) വേറെ ഒരു മെമ്പറുടെ ചികിത്സ ചിലവായി കിമോയ്ക്കു പകരമുള്ള ടാബ്ലറ്റിന് കണക്കാക്കിയിരിക്കുന്നത് ഒരു മാസം 3 ലക്ഷത്തിന്റെ മരുന്ന് വെച്ച് 9 മാസം ചികിത്സാ ചിലവ് മൊത്തം തുക 27 ലക്ഷം . ഇൻഷുറൻസ് ഇല്ലെങ്കിൽ എന്താവും അവസ്ഥയെന്ന് ഓർത്തു നോക്കുക.

### എപ്പോൾ വേണമെങ്കിലും വരാം

അസുഖങ്ങൾ ആർക്കും എപ്പോൾ വേണമെങ്കിലും വരാം. ഒരു വേള നമുക്ക് ആവശ്യം വന്നില്ലെങ്കിൽ കൂടി ഇൻഷ്വർ ചെയ്ത നമ്മളേപ്പോലൊരാൾക്ക് അത് ഉപകാരപ്പെടുന്നുണ്ടെന്ന് ഓർക്കണം. അതുകൊണ്ട് ഇൻഷുറൻസ് പ്രീമിയം ലാഭമാണോ ഇപ്പോൾ എടുക്കണമോ എന്നു കണക്കാക്കാതെ നാം നമ്മുടെ ഉറ്റവർക്ക് ഒരു ഭാരമായിത്തീരാതിരിക്കാൻ, നാം നേടിയതെല്ലാം സുര ക്ഷിതമായിരിക്കാൻ, ഇപ്പോഴത്തെ അവസരങ്ങൾ പ്രയോ ജനപ്പെടുത്തുക .

### ശുപാർശകൾ

1) esbt REMBS ഉള്ള എല്ലാവരും എസ്.ബി.ഐ. ഹെൽത്ത് അസ്സിസ്റ്റ്- പോളിസി B യിൽ ചേരുക. കാരണം REMBS ന് ഇൻഷുറൻസ് കവർ ഇല്ല .
2) ഹെൽത്ത്കെയർ (പോളിസി - A) ഉള്ളവർക്ക് ബാക്കി നിൽക്കുന്ന തുക 3 ലക്ഷം ആകുന്നതുവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഇത് ജീവിത കാലം മുഴുവൻ ഉപയോഗിക്കാം. എടുത്തില്ലെങ്കിൽ നഷ്ടപെടുന്നില്ല. പോളിസി ബി യ്ക്ക് 9 ലക്ഷം വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. അത് തന്നാണ്ടിൽ ആവശ്യം വന്നാൽ ഉപയോഗിക്കാം അത് കൊണ്ട് പോളിസി ബി യിൽ ചേരാവുന്നതാണ്.
3) 70 വയസ്സ് തികഞ്ഞവർക്കും എല്ലാ ഫാമിലി പെൻഷൻകാർക്കും എടുക്കാം. 8270/- രൂപ പ്രീമിയം റീഫണ്ട് ലഭിക്കും. പ്രീമിയം 19520 - 8270 = 11250 .
ഇതിൽ നിന്ന് ഈ ഫർമാസി സ്കീമിൽ കിട്ടുന്ന 12000/- രൂപ റീഫണ്ട് കുറച്ചാൽ നമുക്ക് പ്രീമിയം ഫ്രീയാണെന്ന് മാത്രമല്ല. 750/-രൂപ അധികം കിട്ടുകയും ചെയ്യും.
4) ഇൻ കം ടാക്സ് - വാർഷിക വരുമാനം 5 ലക്ഷത്തിൽ കൂടുതൽ ഉള്ളവർക്ക് പോളിസി ബി യിൽ ചേർന്നാൽ പ്രീമിയത്തിനു കിഴിവ് കിട്ടും. അഡിഷണൽ സൂപ്പർ ടോപ്പ് അപ്പും കുടി എടുത്താൽ കൂടുതൽ തുകയ്ക്കുള്ള കിഴിവും അതോടൊപ്പം പരിരക്ഷയും ലഭിക്കും.
5) ഈ ഫർമാസി - ഓൺലൈനിൽ മരുന്ന് വീട്ടുപടിക്കൽ എത്തും. ബാങ്കിന്റെ വക 12000/-രൂപയുടെ സൗജന്യം. 2:1 എന്ന അനുപാതത്തിൽ ഓരോ വാങ്ങലിനും ,കൂടാതെ 18% ഡിസ്കൗണ്ട്. കേരളത്തിൽ 5 സ്ഥലങ്ങളിൽ മരുന്ന് കമ്പനി ഏപ്രിൽ മാസത്തിൽ ഹബ് തുടങ്ങുന്നു എന്ന് അറിയുന്നു . അതിന്റെ ഗുണങ്ങൾ :-

1)ഓർഡർ ചെയ്യുന്ന എല്ലാ മരുന്നുകളുടെ സപ്ലൈ ഉണ്ടാകും
2)ഡെലിവറി ചെയ്യുന്നതിനുള്ള കാലതാമസം ഇല്ലാതാകും .
3) പരാതികൾ വേഗം പരിഹരിക്കപ്പെടും

ചുരുക്കി പറഞ്ഞാൽ

അവസരം നമുക്ക് വേണ്ടി കാത്തിരിക്കുകയില്ല. അവരവരുടെ ആരോഗ്യം സംരക്ഷിക്കുക എന്നതിനാണ് മുൻഗണന കൊടുക്കേണ്ടത്. ഇൻഷ്വറൻസ് പോളിസികൾ ലാഭനഷ്ടങ്ങൾ കണക്കാക്കി നടത്തുന്ന ഒരു നിക്ഷേപ പദ്ധതിയല്ല. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ മുതൽ നശിപ്പിക്കാതെ അനന്തര തലമുറയ്ക്ക് വേണ്ടി കൈമാറാനുള്ള കരുതൽ ആണെന്നതാണ് സത്യം. ബാങ്ക് തരുന്ന സ്കീമുകളിൽ ചേർന്നു പരമാവധി ആനുകൂല്യങ്ങൾ അനുഭവിക്കുക

# മെഡിക്കൽ ഇൻഷുറൻസ്

## REMBS ലിസ്റ്റ്



ജോസഫ് പാലയ്ക്കൻ, ഡി.ജി.എസ്.
എറണാകുളം

## റെംബ്സ് ലിസ്റ്റ്; ചില സംശയങ്ങൾ

1) REMBS RESIDUAL ബാലൻസ് എന്നാൽ എന്ത് ?

എസ്.ബി.ഐ.യിൽ നിന്ന് വിരമിച്ചപ്പോൾ REMBS സ്കീമിൽ ചേർന്നവരുടെയും അസോസ്സിയേറ്റ് ബാങ്കുകൾ എസ്.ബി.ഐ. യിൽ ലയിപ്പിച്ച ശേഷം എസ്.ബി.ഐ. യിൽ നിന്ന് വിരമിച്ചപ്പോൾ REMBS സ്കീമിൽ ചേർന്നവരുടെയും പേരാണ് REMBS ലിസ്റ്റിൽ ഉണ്ടാകുക. ഈ സ്കീമിൽ 7 ലക്ഷം രൂപ, 10 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ വിവിധ തുകയ്ക്ക് കവർ ഉള്ള പ്ലാനുകളുണ്ട്. ഇതാണ് എസ്.ബി.ഐ.ഹെൽത്ത് കെയർ. ഈ പ്ലാനുകളിൽ നിന്ന് ചികിത്സയ്ക്ക് ഉപയോഗിച്ചതും ചെലവാക്കിയ പണം തിരികെ വാങ്ങിയതും പ്ലാൻ പരിധിയിൽ കുറവ് ചെയ്യും. ബാക്കി നില്ക്കുന്ന തുകയ്ക്കാണ് റെസിഡ്യുവൽ ബാലൻസ് എന്ന് പറയുന്നത്. 3 ലക്ഷത്തിന് മുകളിലുള്ള തുക എല്ലാ വർഷവും ബാങ്ക് ഇൻഷ്വർ ചെയ്യുന്നുണ്ട്. ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം ബാങ്ക് അടയ്ക്കുന്നുണ്ട്. ഇൻഷ്വറൻസ് കവർ ഉള്ള റെംബ്സിന്റെ 3 ലക്ഷത്തിന് മുകളിലുള്ള ഭാഗമാണ് പോളിസി A

REMBS ന്റെ ബാക്കി നിൽക്കുന്ന ബാലൻസിനെ (റെസിഡ്യുവൽ ബാലൻസ്) രണ്ടായി തിരിച്ചിട്ടുണ്ട് .

### 1) 3 ലക്ഷത്തിൽ കൂടുതൽ ബാലൻസ് ഉള്ളവർ

അവരുടെ ബാലൻസ് തുകയ്ക്ക് മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ഉണ്ട്. അതിന്റെ പ്രീമിയം ബാങ്ക് അടയ്ക്കുന്നു. ഇതിന്റെ പേരാണ് പോളിസി A .

### 2) 3ലക്ഷത്തിൽ താഴെ ബാലൻസ് ഉള്ളവർ

3 ലക്ഷത്തിൽ താഴെ ബാക്കി ബാലൻസ് ഉള്ളവർക്ക് മെഡിക്കൽ ഇൻഷുറൻസിന്റെ പരിരക്ഷ ഉണ്ടാവില്ല. 23 അസുഖങ്ങൾക്ക് ഹോസ്പിറ്റലൈസേഷൻ മാത്രം. മെഡിക്കൽ ബിൽ REMBS ന്റെ വ്യവസ്ഥയ്ക്ക് അനുസരിച്ചു ബാങ്കിൽ സമർപ്പിക്കാം . ഇൻഷുറൻസു മായി ബന്ധമില്ല

എല്ലാ വർഷവും REMBS ഇൽ ബാക്കിനിൽക്കുന്ന തുക ബാങ്ക് അവലോകനം ചെയ്യാറുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ ഇൻഷുറൻസിന് പ്രീമിയം അടയ്ക്കണമോ വേണ്ടയോ എന്ന് ബാങ്ക് തീരുമാനിക്കുന്നത്. അതുകൊണ്ടാണ് ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് അറിയിക്കുന്നതും. 3 ലക്ഷ്ത്തിൽ താഴെ വരുന്നവർക്ക് SBI ഹെൽത്ത് അസിസ്റ്റ് അല്ലെങ്കിൽ പോളിസി ബി ചേരേണ്ടതിന്റെ ആവശ്യകത വരുന്നതും .

2) എന്റെ പേര് ലിസ്റ്റിൽ ഇല്ല . ഞാൻ REMBS ഇൽ ചേർന്നിരുന്നു

മുൻ അസ്സോസിയേറ്റ് ബാങ്കുകളിലെ പ്രവർത്തകരുടെ ലയനത്തിന് മുൻപ് ചേർന്ന റെംബ്സ്ന്റെ ബാലൻസ് ഈ ലിസ്റ്റിൽ പെടുന്നില്ല. അതിന് മെഡിക്കൽ ഇൻഷുറൻസ് കവർ ഇല്ല. അത് പഴയ രീതിയിൽ തന്നെ തുടർന്ന് പോകുന്നു. അതിന്റെ ബാലൻസ് REMBSന്റെ പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ ബില്ല് വെയ്ക്കുമ്പോഴും അപ്പ്രൂവ് ആകുമ്പോഴും പാസ്സ്ബുക്കിൽ അപ്ഡേറ്റ് ചെയ്താണ് പോരുന്നത്. ഇനി ആർക്കെങ്കിലും ബാലൻസ് അറിയണമെങ്കിൽ അവരുടെ പാസ്ബുക്ക് AO യിലെ എച്ച്.ആർ.വിഭാഗത്തിന് അയച്ചു കൊടുത്താൽ മതി അവരുമായി ബന്ധപ്പെടുക .

# ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം 2022 മാർച്ച് 31 വരെ നീട്ടി

2014-ലെ എസ്ബിഐ പെൻഷൻ ഫണ്ട് റെഗുലേഷനുകളുടെ നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ലൈഫ് സർട്ടിഫിക്കറ്റ്, പുനർവിവാഹം ചെയ്യാത്ത, തൊഴിൽ രഹിതരെന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള കാലാവധി നിലവിലെ പകർച്ചവ്യാധി സാഹചര്യം കണക്കിലെടുത്ത്, 2022 മാർച്ച് 31 വരെ നീട്ടി. സ്റ്റാഫ് പെൻഷൻ കുടുംബ പെൻഷൻ എന്നിവ 2022 മാർച്ച് 31 വരെ തുടരുന്നു. ലൈഫ് സർട്ടിഫിക്കറ്റിന് പുറമേ, എല്ലാ വർഷവും നവംബർ മാസത്തിൽ കുടുംബ പെൻഷൻകാർ പുനർവിവാഹം ചെയ്യാത്തതെന്നും തൊഴിൽ രഹിതരെന്നും സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

ഇതിനുള്ള സമയക്രമം 2022 മാർച്ച് 31 വരെ നീട്ടി. ഈ കാലയളവിൽ, പെൻഷൻ/കുടുംബ പെൻഷൻ തടസ്സമില്ലാതെ നൽകുന്നത് തുടരും. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ 2022 ഏപ്രിൽ മാസം മുതൽ നിർത്തലാക്കും.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# 9.2 % സാമ്പത്തിക വളർച്ച പ്രതീക്ഷിക്കുന്നതായി എൻ.എസ്.ഒ. മുംബൈ

നടപ്പുസാമ്പത്തികവർഷം രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ (ജി.ഡി.പി.) 9.2 ശതമാനം വളർച്ച പ്രതീക്ഷിക്കുന്നതായി ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (എൻ.എസ്.ഒ.) അനുമാനം. കഴിഞ്ഞ സാമ്പത്തികവർഷം കോവിഡ് പ്രതിസന്ധിയിൽ വളർച്ച 7.3 ശതമാനത്തി ലേക്ക് ഇടിഞ്ഞിരുന്നു. ഈ വർഷം ജി.ഡി.പി. കോവിഡിനുമുമ്പുണ്ടായിരുന്ന 145.69 ലക്ഷം കോടിക്കടുത്തായിരിക്കുമെന്നും എൻ.എസ്.ഒ. പറയുന്നു . 2020-21 സാമ്പത്തിക വർഷം ജി.ഡി.പി. 135.13 ലക്ഷം കോടി രൂപയായിരുന്നു . 2021-22 സാമ്പത്തികവർഷം ആദ്യ പകുതിയിൽ (ഏപ്രിൽ - സെപ്റ്റംബർ) സമ്പദ് വ്യവസ്ഥ 18.7 ശതമാനം വളർച്ച രേഖപ്പെടുത്തിയിരുന്നു . കാർഷിക , ഖനന , ഉത്പാദന മേഖലകളിലെ മുന്നേറ്റമാണ് വളർച്ചനിരക്ക് കൂടാൻ കാരണമായി ചൂണ്ടിക്കാട്ടുന്നത്. .

നടപ്പുസാമ്പത്തിക വർഷം രാജ്യത്തെ സാമ്പത്തിക വളർച്ച 9.6 ശതമാനത്തിന് അപ്പുറം പോയേക്കുമെന്ന് എസ്.ബി.ഐ. റിസർച്ച് നേരത്തേ അഭിപ്രായപ്പെട്ടിരുന്നു.

# ജൻധൻ അക്കൗണ്ടുകളിലെ നിക്ഷേപം 1.5 ലക്ഷം കോടി കടന്നു

ഫിനാൻഷ്യൽ ഇൻക്ലൂഷൻ ലക്ഷ്യമിട്ട് ഏഴര വർഷം മുൻപ് കേന്ദ്ര സർക്കാർ തുടക്കമിട്ട ജൻധൻ അക്കൗണ്ടുകളിലെ നിക്ഷേപം 1.5 ലക്ഷം കോടി രൂപ കടന്നു. ധനമന്ത്രാലയത്തിന്റെ ഡിസംബർ 29 വരെയു ള്ള കണക്കു പ്രകാരം 44.29 കോടി അക്കൗണ്ടുകളിലായി 1,60,1939,36 കോടി രൂപയുടെ നിക്ഷേപമാണുള്ളത്.

താഴെതട്ടിലുള്ളവരെക്കൂടി ബാങ്കിങ്ങിനു കീഴിൽ കൊണ്ടുവരുന്നതിനായി 2014 ഓഗസ്റ്റ് 15 - നാണ് ജൻധൻ പദ്ധതിയിൽ ജൻധൻ യോജന പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചത് . പദ്ധതി തുടങ്ങി ആദ്യവർഷം 17.90 കോടി അക്കൗണ്ടുകൾ തുറന്നിരുന്നു . ഇപ്പോഴുള്ള 44.23 കോടി അക്കൗണ്ടുകളിൽ 34.9 കോടിയും പൊതുമേഖലാബാങ്കുകളിലാണ്. 8.05 കോടി അക്കൗണ്ടുകൾ റീജണൽ റൂറൽ ബാങ്കുകളിലുണ്ട് . സ്വകാര്യ മേഖലയിൽ 1.28 കോടിയും. ആകെ അക്കൗണ്ടിൽ 24.61 കോടിയും സ്തീകളാണ്.

# ക്രിപ്റ്റോ കറൻസികളിൽ വിലത്തകർച്ച

ബിറ്റ്കോയിൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ ക്രിപ്റ്റോ കറൻസികളുടെ വില കഴിഞ്ഞയാഴ്ച്ച തകർന്നടിഞ്ഞു. ബിറ്റ്കോയിന്റെ വില വെള്ളിയാഴ്ച 15 ശതമാനത്തിലേറെ ഇടിഞ്ഞ് 36,000 ഡോളറിന് താഴെയായി.

അതായത്, ഏതാണ്ട് 26.50 ലക്ഷം രൂപ 2021 നവംബറിൽ വില 70,000 ഡോളറിലെത്തി റെക്കോഡ് കുറിച്ചിരുന്നു . ആ നിലയിൽ നിന്ന് പകുതിയായ വില ഇടിഞ്ഞിരിക്കുന്നത് . രണ്ടാമത്തെ ക്രിപ്റ്റോ കറൻസിയായ ഇഥേറിയത്തിന്റെ വില 20 ശതമനത്തോളം ഇടിഞ്ഞ് 2,500 ഡോളറിന് താഴെയെത്തി. ഇടക്കാലത്ത് വൻതോതിൽ വില കുതിച്ചുയർന്ന " ഡോഗ്കോയി" നിന്റെ വില 0.13 ഡോളറിലേക്ക് കൂപ്പുകുത്തി. ഒമ്പതുമാസത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണ് ഇത് അമേരിക്കൻ ഓഹരി വിപണിയിലെ ഇടിവിന് പിന്നാലെയാണ് ക്രിപ്റ്റോ കറൻസികളുടെ വിലയും ഇടിഞ്ഞത്. റഷ്യൻ സർക്കാർ ക്രിപ്റ്റോ കറൻസികൾ നിരോധിക്കുമെന്ന റിപ്പോർട്ടുകൾ പുറത്തുവന്നതും വെള്ളിയാഴ്ചത്തെ വിലയിടിവിന് കാരണമായി. ഇന്ത്യ ഉൾപ്പെടെയുള്ള മുൻനിര രാജ്യങ്ങളൊന്നും ക്രിപ്റ്റോ കറൻസികൾ ഇതുവരെ അംഗീകരിച്ചിട്ടില്ല .

# ബാഡ് ബാങ്കിന് അനുമതിയായി



ദേശീയ ആസ്തി പുനർനിർമാണ കമ്പനിക്കായി ( എൻ.എ .ആർ.സി.എൽ.) എല്ലാ അനുമതികളും ലഭ്യമായതായി എസ് . ബി.ഐ. ചെയർമാൻ ദിനേശ് കുമാർ ഖാര അറിയിച്ചു . ഈ

സാമ്പ ത്തികവർഷം തന്നെ 50,000 കോടി രൂപ വരുന്ന 15 നിഷ്ക്രിയ ആസ്തി അക്കൗണ്ടുകൾ എൻ.എ.ആർ.സി. എലിനു ( ബാഡ് ബാങ്ക് ) കൈമാറുമെന്നും അദ്ദേഹം വ്യക്തമാക്കി.



ദിനേശ് കുമാർ ഖാര, എസ് . ബി.ഐ. ചെയർമാൻ

3,000 കോടി രൂപയുടെ 38 നിഷ്ക്രിയ ആസ്തികളാണ് എൻ.എ.ആർ.സി.എലിനു കൈമാറാനായി കണ്ടെത്തിയി ട്ടുള്ളതെന്നും അദ്ദേഹം അറിയിച്ചു. ഇത്തരത്തിൽ കണ്ടെ ത്തിയ അക്കൗണ്ടുകൾക്ക് പൂർണമായും പ്രൊവിഷനിങ് നടത്തിയിട്ടുള്ളതാണ്. അതുകൊണ്ടു തന്നെ നിഷ്ക്രിയ ആസ്തി അക്കൗണ്ടുകൾ കൈമാറിയാലും ബാങ്കുകളുടെ പ്രൊവിഷനിങ്ങിൽ പ്രതിസന്ധിയുണ്ടാകില്ല .

## വിവാദ നിയമന ഉത്തരവ് എസ് . ബി.ഐ. പിൻവലിച്ചു

മൂന്നുമാസത്തിലധികം ഗർഭിണിയായവരെ തത്കാലം ജോലിക്കെടുക്കേണ്ടെന്ന വിവാദ ഉത്തരവ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ( എസ്.ബി.ഐ. ) പിൻവലിച്ചു . വിഷയത്തിൽ ഡൽഹി വനിതാ കമ്മിഷനടക്കം ഇടപെട്ട സാഹചര്യത്തി ലാണ് തീരുമാനം. ഡിസംബർ 31 - നാണ് ബാങ്ക് പുതിയ ഉത്തരവിറക്കിയത്. മൂന്നുമാസത്തിലധികം ഗർഭിണി കളായവരെ തത്കാലം ജോലിക്കെടുക്കേണ്ടതില്ലെന്നും പരിഗ ണിക്കുന്നുണ്ടെങ്കിൽ പ്രസവിച്ച് നാലുമാസത്തിനുശേഷമേ നിയമനം നല്കാവൂ എന്നുമായിരുന്നു ഉത്തരവ്.

## ഉർജിത് പട്ടേൽ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് വൈസ് പ്രസിഡന്റ്

റിസർവ് ബാങ്ക് മുൻ ഗവർണർ ഉർജിത് പട്ടേലിനെ ബെയ്ജിങ്ങ് ആസ്ഥാനമായുള്ള ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻ വെസ്റ്റ്മെന്റ് ബാങ്ക് ( എ.ഐ. ഐ.ബി. ) വൈസ് പ്രസിഡന്റായി നിയമിച്ചു. നിലവിലുള്ള വൈസ് പ്ര സിഡൻറും ഗുജറാത്ത് മുൻ ചീഫ് സെക്രട്ടറിയുമായ ഡി.ജെ. പാണ്ഡ്യൻ വിരമിക്കുന്ന ഒഴിവിലായിരിക്കും ഉർജിത് പട്ടേൽ എത്തുക. മൂന്നു വർഷത്തേക്കായിരിക്കും നിയമനം . അടുത്തമാസം അദ്ദേഹം സ്ഥാനമേറ്റെടുക്കുമെന്നാണ് റിപ്പോർട്ട്.



ഉർജിത് പട്ടേൽ

ഏഷ്യയിലെ വികസനപദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കാൻ ചൈനയും ഇന്ത്യയും നേതൃത്വം നൽകി രൂപവത്കരിച്ച എ.ഐ.ഐ.ബിയിൽ ചൈന കഴിഞ്ഞാൽ ഉയർന്ന വോട്ടിങ് പങ്കാളിത്തമുള്ള രാജ്യമാണ് ഇന്ത്യ, ചൈനീസ് മുൻ ഉപധനമന്ത്രി ജിൻ ലികിൻ ആണ് നിലവിൽ എ.ഐ ഐ.ബി. പ്രസിഡന്റ്. അഞ്ചു വൈസ് പ്രസിഡൻറുമാ രാണുള്ളത്. ഇതിൽ ഡി.ജെ. പാണ്ഡ്യൻ അടുത്തമാസം സ്ഥാനമൊഴിയും .

> രണ്ട് വർഷം സേവനമനുഷ്ഠിച്ചതിന് ശേഷം "വ്യക്തിപരമായ കാരണങ്ങൾ" ചൂണ്ടിക്കാട്ടി 2018 ഡിസംബറിൽ ഒരു അപ്രതീക്ഷിത തീരുമാനത്തിൽ പട്ടേൽ ആർബിഐ ഗവർണർ സ്ഥാനം രാജിവച്ചിരുന്നു.



# ഒരു ആസ്ട്രേലിയൻ യാത്ര ഭാഗം - 5

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)

## ആസ്ട്രേലിയയിൽ ലോക് ഡൗൺ

ആസ്ട്രേലിയയിൽ, വിക്ടോറിയ ഉൾപ്പെടെ മിക്ക സംസ്ഥാനങ്ങളിലും രണ്ടു മാസക്കാലത്തേക്കു ലോക്ഡൗൺ പ്രഖ്യാപിച്ചു.



കെ.എൻ. വിശ്വനാഥൻ നായർ,
കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്

കോവിഡ് നിയന്ത്രണങ്ങൾ എല്ലായിടത്തെയും പോലെ, മാസ്ക്, സാനിറ്റൈസർ, നിർബന്ധം. ഒരേ കുടുംബത്തിലെ രണ്ടാൾക്കുമാത്രം ഒന്നിച്ചു യാത്ര ചെയ്യുവാനും, നടക്കുവാൻ പോകുന്നതിനും അനുവാദം. പക്ഷേ 5 കി.മീ. ന് അപ്പുറം പോകുവാൻ അനുമതിയില്ല. മിക്കവരുടേയും ജോലി വർക്കിംഗ് ഫ്രം ഹോം ആയി മാറി.

നിയന്ത്രണങ്ങൾ ആളുകളെ ഭയചകിതരാക്കി. ഫലമോ ആളുകൾ അവശ്യ സാധനങ്ങൾ വാങ്ങി സ്റ്റോക്കു ചെയ്യുവാൻ തുടങ്ങി. അതു കൂടുതൽ പ്രതിസന്ധി സൃഷ്ടിച്ചു. പല സാധനങ്ങൾക്കും ക്ഷാമം അനുഭവപ്പെട്ടു തുടങ്ങി. ടോയിലറ്റ് ടിഷ്യൂ, ഗ്ലൗസ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ ചിലത്. മാളുകളിൽ ക്ഷാമമുള്ള സാധനങ്ങൾ എത്തിയാൽ ആളുകൾ മനുഷ്യത്വം മറന്ന് ആവശ്യത്തിലധികം വാങ്ങി കൂട്ടി. ചൈനയിൽ നിന്നും ഉള്ള ഇറക്കുമതിക്ക് നിയന്ത്രണ ഏർപ്പെടുത്തിയതോടെ സ്ഥിതി കൂടുതൽ ഗുരുതരമായി. ഗവൺമെന്റിന്റെ കർശന ഇടപെടലോടെ പ്രശ്നം സാവധാനം പരിഹരിക്കാൻ കഴിഞ്ഞു. സാധനങ്ങൾ വാങ്ങുന്നതിന് ഡോർ ഡെലിവറി മാത്രം ശരണം. ഫ്രീസർ വാങ്ങി പച്ചക്കറികളും, ഫ്രോസൺ സാധനങ്ങളും അതിനുള്ളിൽ സംഭരിച്ചു. അരിയും, പലവ്യഞ്ജനങ്ങളും ഒരു മാസത്തേയ്ക്കുള്ളതു് വാങ്ങുന്ന രീതി സ്വീകരിച്ചു. ഡെലിവറിക്കാർക്ക് 5 കി.മീ. യാത്രാ പരിധി ബാധകമല്ലായിരുന്നു എന്നത് ആശ്വാസം നൽകി.

കോവിഡ് വ്യാപനം ഇല്ല എന്നു കണ്ടു തുടങ്ങിയതോടെ നിയന്ത്രണങ്ങളിൽ അയവു വരുത്തി തുടങ്ങി. 10 ആളുകൾക്ക് ഒത്തുകൂടാനും, 15 കി.മീ. ( താമസിയാതെ 25 കി.മീ.) വരെ യാത്ര ചെയ്യുവാനും അനുമതി ലഭിച്ചു. ആദ്യ ലോക്ക് ഡൗൺ അവസാനിച്ചപ്പോഴേക്കും ശരത് കാലത്തിന്റെ അവസാന ദിനങ്ങളായിരുന്നു, ശീതകാലത്തിന്റെ തുടക്കവും -

## ഇല പൊഴിയും കാലം

ശീതകാലത്തിന്റെ വരവറിയിച്ചു കൊണ്ട് മരങ്ങൾ ഇല പൊഴിക്കും കാലം കടന്നുവന്നു. ഇലകൾ വിവിധ വർണ്ണങ്ങളിൽ പഴുത്തു നില്ക്കുന്ന കാഴ്ച വീടിനു സമീപമുള്ള വഴിയോരങ്ങളിലും ഉണ്ടെങ്കിലും, കിലോമീറ്ററുകൾ നീളത്തിൽ വൈവിദ്ധ്യമുള്ള നിറങ്ങളിലുള്ള ഇലകളാൽ ആകർഷകമായ മരങ്ങൾ കാണുവാനായി ഡാൻഡ നോംഗ് റേഞ്ചസ് വരെ യാത്രചെയ്തു.

## ഡാൻഡെനോംഗ് പർവതനിരകൾ



ഡാൻഡെനോംഗ് പർവതനിരകൾ

വിക്ടോറിയയിലെ മെൽബണിൽ നിന്ന് ഏകദേശം 35 കിലോമീറ്റർ (22 മൈൽ) കിഴക്കായി ഡാൻഡെനോംഗ് പർവതത്തിൽ 633 മീറ്ററായി ഉയരുന്ന താഴ്ന്ന പർവതനിരകളുടെ ഒരു കൂട്ടമാണ് ഡാൻഡെനോംഗ് പർവതനിരകൾ (സാധാരണയായി ഡാൻഡെനോങ്സ്). ഈ ശ്രേണികളിൽ കൂടുതലും ഉരുണ്ട കുന്നുകളും കുത്തനെയുള്ള താഴ്‌വരകളും കട്ടിയുള്ള മിതശീതോഷ്ണ കാലാവസ്ഥയുള്ള മഴക്കാടുകളാൽ പൊതിഞ്ഞ കിടങ്ങുകളും ഉൾപ്പെടുന്നു, പ്രധാനമായും ഉയരമുള്ള പർവത ചാരമരങ്ങളും ഇടതൂർന്ന അടിക്കാടുകളും.

അന്ന് നല്ല തണുപ്പുള്ള, മൂടൽ മഞ്ഞുള്ള ദിവസമായിരുന്നു, എങ്കിലും , ഭൂമിയിലെ സ്വർഗ്ഗതുല്യമായ കാഴ്ചകൾ കണ്ടു് നടന്നപ്പോൾ മടങ്ങുവാൻ മനസ്സു മടിച്ചു. മടങ്ങുന്ന സമയം ഒരു ഇട റോഡിലേയ്ക്ക് പോയി നോക്കാം എന്നു തീരുമാനിച്ചത് എന്തു കൊണ്ടും ഭാഗ്യം എന്നേ പറയേണ്ടൂ. വഴിയുടെ ഇരുവശങ്ങളിലും നിറങ്ങളിൽ കുളിച്ചു നില്ക്കുന്ന മരങ്ങളിലും താഴെയുമായി നൂറു കണക്കിനു കോക്കാറ്റുക്കൂട്ടങ്ങൾ ( തത്തകൾ ),



കോക്കാറ്റുക്കൂട്ടങ്ങൾ

അത്യപൂർവ്വമായി മാത്രം കാണുവാൻ കഴിയുന്ന സന്ദർഭം. മറക്കാനാവാത്ത മറ്റൊരു അനുഭവം കൂടി ആയി ഈ യാത്ര.

## ഹാങ്ങിങ് റോക്ക്സ്

അടുത്ത യാത്ര അത്ഭുതം തോന്നിക്കുന്ന പ്രകൃതിയുടെ ഒരു പ്രതിഭാസം കാണുന്നതിനായിരുന്നു. "ഹാങ്ങി ങ് റോക്ക്സ് " ഓസ്ട്രേലിയയിലെ സെൻട്രൽ വിക്ടോറിയയിലെ ഒരു പ്രത്യേക ഭൂഗർഭ രൂപീകരണമാണ് ഹാംഗിങ് റോക്ക്. മൗണ്ട് ഡയോജെനിസ്, ഡ്രൈഡൻസ് റോക്ക് എന്നും അറിയപ്പെടുന്നു, കൂടാതെ അതിലെ താമസക്കാരായിരുന്ന ചിലർ എൻഗനെലോംഗ് എന്നും വിളിക്കുന്നു.) പേരു പോലെ തന്നെ, ഇത് ന്യൂഹാം, ഹെസ്കെറ്റ് എന്നീ രണ്ട് ചെറിയ ടൗൺഷിപ്പുകൾക്കിടയിലുള്ള സമതലത്തിൽ സമുദ്രനിരപ്പിൽ നിന്ന് 718 മീറ്റർ (പ്ലെയിൻ ലെവലിൽ നിന്ന് 105 മീറ്റർ) ഉയരമുള്ള ഒരു മലയുടെ മുകളിൽ വിട്ടു വിട്ടു നിൽക്കുന്ന തൂക്കു പാറക്കൂട്ടങ്ങൾ ആണ്. 65000 ത്തോളം വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഒരു മുൻ അഗ്നിപർവ്വതം രൂപപ്പെട്ടുണ്ടായതാണ് ഈ മല. മെൽബണിൽ നിന്ന് ഏകദേശം 70 കിലോമീറ്റർ വടക്ക്-പടിഞ്ഞാറും മാസിഡോൺ പർവതത്തിന് കുറച്ച് കിലോമീറ്റർ വടക്കും.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, ഈ സ്ഥലത്തെ പരമ്പരാഗത അധിനിവേശക്കാർ, അവർ ആയിരക്കണക്കിന് വർഷങ്ങളായി അതിന്റെ താമസക്കാരായിരുന്നു, - **Dja Dja Wurrung, Woi Wurrung, Taungurung** എന്നീ ഗോത്രങ്ങൾ അതിൽ നിന്ന് മാറിത്താമസിക്കാൻ നിർബന്ധിതരായി. കോളനിവൽക്കരണം എന്നിരുന്നാലും, ഈ സ്ഥലവുമായി സാംസ്കാരികവും ആത്മീയവുമായ ബന്ധം നിലനിർത്തുന്നത് തുടർന്നു.



മുകളിലേയ്ക്കുള്ള വഴിയുടെ മേലെ തൂങ്ങി നില്ക്കുന്ന പാറ. ഇതിൽ നിന്നാണ് ഈ മലയ്ക്ക് മൊത്തം ഹാങ്ങിങ് റോക്ക്സ് എന്ന പേര് വീണത്.

കുടിയേറ്റ കൊളോണിയലിസ്റ്റ് സമൂഹത്തിന്, ഹാംഗിംഗ് റോക്ക് വിനോദത്തിനും വിനോദസഞ്ചാരത്തിനുമുള്ള ഒരു സ്ഥലമായി മാറി. ഇത് സ്വകാര്യ, സർക്കാർ, സമ്മിശ്ര പൊതു-സ്വകാര്യ നിയന്ത്രണത്തിൽ മാറിമാറി വന്നു.



ഹാങ്ങിങ് റോക്ക് " താഴെ സമതലത്തിൽ നിന്നുള്ള ദൃശ്യം

കുത്തനെയുള്ള കയറ്റം കയറി വേണം മുകളിൽ എത്തുവാൻ. ഒന്നര മണിക്കൂറോളം എടുത്തു മുകളിൽ എത്തുവാൻ. മുകളിൽ നിന്നും താഴ്‌വാരം കാണുവാൻ അതി മനോഹരം. കുത്തനെയുള്ള ഇറക്കവും അതികഠിനം. ആയിരങ്ങളാണ് ഒരു ദിവസം ഇവിടം സന്ദർശിക്കുന്നത്. ഞങ്ങൾ ഇറങ്ങുമ്പോൾ, കുട്ടികളും മുതിർന്നവരും, നല്ല പ്രായം ഉള്ള വരും, ഉത്സാഹത്തോടെ മല കയറുന്നു. ഇടയ്ക്കിടക്ക് ഇരുന്നു ക്ഷീണം തീർത്ത് വീണ്ടും കയറ്റം കയറുന്നു.



"ഹാങ്ങി ഗ് റോക്ക്സ് " അടുത്തു നിന്നുള്ള ദൃശ്യം

വിനോദ സഞ്ചാര കേന്ദ്രം ആയതിനാൽ താഴെ കടകൾ ഉണ്ടെങ്കിലും ഞങ്ങൾ പാർസലായി കൊണ്ടുപോയ ഭക്ഷണവും കഴിച്ച് വീട്ടിലേക്കു മടങ്ങി. ദിവസങ്ങളും ആഴ്ച കളും ഇങ്ങനെ കടന്നു പൊയ്ക്കൊണ്ടേയിരുന്നു.

(തുടരും..........)

# നാടു വിടുന്ന നമ്മുടെ യുവതലമുറ

പ്ലസ് ടു കഴിഞ്ഞാൽ നമ്മുടെ കുട്ടികൾ ഒന്നടങ്കം യുഎസ്, യുകെ കാനഡ, ജർമ്മനി, യു.എ.ഇ., നെതർലാൻഡ്സ്, നോർവേ, സ്വീഡൻ, ഇറ്റലി ഇങ്ങനെ പല രാജ്യങ്ങളിലേക്ക് കുടിയേറുകയാണ് പല വീടുകളിലും ഇപ്പോൾ അച്ഛനമ്മമാർ മാത്രം ആയിക്കഴിഞ്ഞു.!

പ്രതിവർഷം മൂന്ന് ദശലക്ഷത്തിലധികം ബിരുദധാരികളെ സൃഷ്ടിക്കുന്ന ഇന്ത്യയിൽ, അവരിൽ നാലിലൊന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ളവരാണ്, തൊഴിലില്ലായ്മയുടെ സമാന്തരമായ വർദ്ധനവ് ആശങ്കാജനകമാണ്. നമ്മുടെ തൊഴിലില്ലായ്മാ നിരക്ക് 2008-ൽ ഏകദേശം 7.8 ശതമാനത്തിൽ നിന്ന് 2010-ഓടെ 10.7 ശതമാനമായി ഉയർന്നതായി കണക്കാക്കുന്നു. സാധ്യതയുള്ള ആഗോള തൊഴിലുടമകളുടെ കഥയും വ്യത്യസ്തമല്ല. ഇന്നത്തെ ബിരുദധാരികൾക്ക് അവസരമുണ്ട്, അവർ രാജ്യത്തിന് പുറത്തുള്ള സംഘടനകളിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. ഈ സ്ഥാപനങ്ങൾ ഇന്ത്യൻ വിദ്യാർത്ഥികളുടെ അന്തർലീനമായ ബുദ്ധിയും അവരുടെ കഴിവും തിരിച്ചറിയുന്നുണ്ടെങ്കിലും, വലിയൊരു അച്ചടക്കവും പ്രവർത്തന നൈതികതയും ശ്രദ്ധയും പ്രതീക്ഷിക്കുന്നു.

നമ്മുടെ നാട് കുട്ടികൾക്ക് തീരെ താല്പര്യമില്ലാതാകുന്നു അതിൽ വലിയ അത്ഭുതം ഇല്ല. ആഗോള തൊഴിൽ ക്ഷമതയുടെ ഒരു നിർണായക വശം ക്രോസ്-കൾച്ചറൽ സെൻസിറ്റൈസേഷന്റെ ഒരു പരിധിയാണ്, നമ്മൾ വളർന്നുവന്ന സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളിൽ നിന്ന് നമ്മെ പിൻ തുടരുന്ന മുൻവിധികളോ ചിന്താഗതികളോ ഉപേക്ഷിക്കുന്നു.

ചില വിലയിരുത്തലുകൾ ചുവടെ ചുരുക്കത്തിൽ!



1. ഒരു വിധത്തിലുള്ള ജീവിത സൗകര്യങ്ങളും, നിയമപരമായ സുരക്ഷയും ഇവിടെ കുട്ടികൾ കാണുന്നില്ല.

2. പഠന ശേഷം ഒരു ജോലി കിട്ടുക എന്നത് ഇവിടെ ഏറെക്കുറെ അസാധ്യമായി മാറിയിരിക്കുന്നു. കോഴ കൊടുക്കാതെ സർക്കാർ ജോലി പോലും കിട്ടാൻ സാധ്യത വളരെ കുറവ് എന്ന് അവർ വിശ്വസിക്കുന്നു.

മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഉയർന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, ഉറവിടവും ലക്ഷ്യസ്ഥാനവും തമ്മിലുള്ള വലിയ വേതന വ്യത്യാസങ്ങൾ, എന്നിവ കുടിയേറ്റ തീരുമാനങ്ങളെ സ്വാധീനിക്കുന്നു. തൊഴിലില്ലായ്മ പ്രശ്നങ്ങൾ, പ്രത്യേകിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ചെറുപ്പക്കാരിൽ കുടിയേറ്റ പ്രവണതകളെ വളർത്തുന്നു.

3 "ഓരോ വർഷവും ഏതാനും ലക്ഷം വിദ്യാർത്ഥികൾ സാങ്കേതിക ബിരുദധാരികളായി കടന്നുപോകുന്നു, തീയതിയനുസരിച്ച് ജോലികളുടെ എണ്ണത്തിൽ വർദ്ധനവ്, എന്നിട്ടും ഒരു കഴിവില്ലായ്മ! ഇന്ത്യയിലെ ഒട്ടുമിക്ക ഐടി (ഇൻഫർമേഷൻ ടെക്നോളജി) കമ്പനികളും സ്വയം കണ്ടെത്തുന്ന സാഹചര്യം ഇതാണ്, " സൈബർ കൂലികൾ' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന പ്രവർത്തനം അക്കാദമികവും നയപരവുമായ ചർച്ചകളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

4. ഓരോ ദിവസവും പുതിയ സ്ഥാപനങ്ങൾ ഉയർന്നുവരുന്നതും പരസ്യം ചെയ്യുന്നതും നാം കാണുന്നു. "ഗ്ലോബൽ കാമ്പസ്", "ഏറ്റവും വലിയ സർവ്വകലാശാല", "നൂറുകണക്കിന് പ്ലെയ്സ്മെന്റുകൾ" തുടങ്ങിയ ടാഗ് ലൈനുകൾ. എന്നിട്ടും ഈ സ്ഥാപനങ്ങളിൽ പലതും പൊള്ളയായ വാഗ്ദാനങ്ങൾ നൽകുന്നുവെന്ന് വ്യവസായവുമായി ബന്ധപ്പെട്ടവർക്കും അക്കാദമിക് വിദഗ്ധർക്കും അറിയാം. വിദ്യാർത്ഥികളെ ഒരു പരീക്ഷ എഴുതാനും ഡാറ്റ പുനരുജ്ജീവിപ്പിക്കാനും ബിരുദം നൽകാനും അവർക്ക് കഴിവുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ പലതും സാമാന്യം വലിയ ഫീസ് ഈടാക്കുകയും കണ്ണുകളിൽ നക്ഷത്രങ്ങളുമായി വരുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികളെ ആകർഷിക്കുകയും ചെയ്യുന്നു. അടുത്ത തലമുറയ്ക്ക് കൈയും വായും തമ്മിലുള്ള അസ്തിത്വത്തിന്റെ ചങ്ങലയിൽ നിന്ന് മോചനം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കുടുംബങ്ങൾ ചെലവുകൾ വഹിക്കാൻ പാടുപെടുന്നത്. ഇത് പലപ്പോഴും യാഥാർത്ഥ്യത്തിൽ നിന്ന് വളരെ അകലെയാണ് എന്നതാണ് ദുരന്തം.

5. അദ്ധ്വാനിക്കുന്ന ജോലി ഏറ്റെടുക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറല്ല. എല്ലാ കേരളീയർക്കും കേരളത്തിൽ തന്നെ തൊഴിൽ കണ്ടെത്തണമെന്ന കാഴ്ചപ്പാട് തികച്ചും അപ്രായോഗികമാണ്.

6. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് 'വിവരമുള്ള കുടിയേറ്റം' പ്രോത്സാഹിപ്പിക്കുന്നതിലൂടെ. 1970-കളിൽ എണ്ണവിലയിലുണ്ടായ കുതിച്ചു ചാട്ടത്തെത്തുടർന്ന് ഗൾഫ് സമ്പദ്വ്യവസ്ഥ വിദേശ തൊഴിലാളികൾക്ക് തുറന്നുകൊടുത്തതോടെ, കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ വേലിയേറ്റം ആന്തരികത്തിൽ നിന്ന് അന്തർദ്ദേശീയത്തിലേക്ക് നിർണായകമായി നീങ്ങി. കേരളത്തിൽ നിന്ന് ലോകമെമ്പാടും 2.12 ദശലക്ഷം കുടിയേറ്റക്കാർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു,

7. മറ്റൊരു ഘടകം കേരളീയ കുടിയേറ്റക്കാരിൽ 10 ശതമാനമെങ്കിലും അല്ലെങ്കിൽ 2 ലക്ഷം പേർ രേഖകളില്ലാത്ത

തൊഴിലാളികളാണ്. 1990 കളിലും 2000 കളിലും ആയിരക്കണക്കിന് അനധികൃത ഇന്ത്യക്കാർക്ക് റെസിഡൻസി പദവി ലഭിച്ചു. നിരവധി കുടിയേറ്റ പൊതുമാപ്പുകളാണ് ഇതിന് പ്രധാന കാരണം;

8. "മറ്റേതൊരു കാലഘട്ടത്തെക്കാളും ഉയർന്ന വൈദഗ്ധ്യമുള്ള ആളുകൾ പോകുന്നുണ്ടോ 'മസ്തിഷ്ക ചോർച്ച' വർദ്ധിക്കുകയും ചെയ്യുന്നുണ്ടോ. എന്ന് പറയാൻ പ്രയാസമാണ്. മാത്രമല്ല കഴിവുകൾ പൊതുവെ വർദ്ധിച്ചു, അതിനാൽ മുൻ തലമുറകളെ അപേക്ഷിച്ച് ഉയർന്ന വൈദഗ്ധ്യമുള്ള ആളുകളെ രാജ്യത്തിന് നഷ്ടമായേക്കാം, പക്ഷേ പ്രതിഭകൾ വലിയൊരു പരിധി വരെ രാജ്യം വിട്ട് അവസ്ഥ എല്ലായ്പ്പോഴും ഉണ്ടായിരുന്നു.

9. ഇന്ത്യൻ പൗരന്മാർക്ക് സീസണൽ തൊഴിൽ വിസകൾ നൽകുന്ന അപൂർവ യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നാണ് ഇറ്റലി, കുടിയേറ്റക്കാർക്കിടയിൽ ഒരു ലക്ഷ്യസ്ഥാന രാജ്യമെന്ന നിലയിൽ അതിന്റെ ആകർഷണം വർദ്ധിപ്പിക്കുന്നു.

നെതർലാൻഡ്സ്, നോർവേ, സ്വീഡൻ എന്നിവ ഇന്ത്യൻ ജനസംഖ്യ യഥാക്രമം 66%, 56% 42%, എന്നിങ്ങനെ വർദ്ധിച്ചു. 2017 വരെയുള്ള ഏഴ് വർഷത്തിനിടയിൽ യുഎസ്, യുകെ എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ വിലകുറഞ്ഞതും മികച്ച വിദ്യാഭ്യാസവും ജോലി സാധ്യതകളും നേടിയതിന്റെ ഫലം. തീർച്ചയായും, കേരളത്തിന് നേടാനായി. മൊത്തം പണമയക്കലി ന്റെ 19% കേരളത്തിന് ലഭിച്ചു

10. മത്സരപ്പരീക്ഷകളോട് പൊതുവേ വൈമുഖ്യം കാട്ടുന്നവർ, തോറ്റുപോയാൽ അഭിമാനക്ഷതം തൊന്നുന്നവർ, സിനിമ മേഖല പോലുള്ള രംഗങ്ങളിൽ മുതൽ മുടക്കിയും അല്ലാതെയും ഭാഗ്യം പരീക്ഷിക്കുന്നവർ എന്നിങ്ങനെ പോകുന്നു വേറിട്ട ചിന്തളും പ്രതീക്ഷകളും.

ഇവയേക്കാൾ എന്തുകൊണ്ടും മികച്ച ഒരു ജീവിതം വിദേശ രാജ്യങ്ങൾ അവർക്ക് വാഗ്ദാനം ചെയ്യുന്നു. മികച്ച ജോലി, സ്വന്തം കഴിവിന് കിട്ടുന്ന ആദരവ്, ആരോഗ്യകരമായ ജീവിത സാഹചര്യം, മികച്ച ഇൻഷ്വറൻസ് പരിരക്ഷ, നടപ്പാകുന്ന, ജനങ്ങൾ പാലിക്കുന്ന, നല്ല നിയമങ്ങൾ, കൊള്ളപ്പലിശ ഇല്ലാത്ത ലോൺ സൗകര്യം.... ഇങ്ങനെ നിരവധി ആനുകൂല്യങ്ങൾ..!

യുവാക്കൾ നാടു വിടുകയാണ്. ഇത് നമ്മുടെ നാട്ടിൽ, വരുന്ന ഭാവിയിൽ കടുത്ത ബൗദ്ധിക വരൾച്ച ഉണ്ടാക്കുമോ?

ഒരു പത്തു വർഷം കഴിഞ്ഞാൽ കേരളത്തിൽ ചെറുപ്പക്കാർ ആരെങ്കിലും ബാക്കി കാണുമോ എന്നത് സംശയിക്കേണ്ടി വരുന്നു. PR കിട്ടി ജോലി സുരക്ഷ ആകുന്നതോടെ കുടുംബത്തെ മുഴുവനായും വിദേശത്തേക്ക് കൊണ്ടുപോകുവാനും അവർക്ക് സാധിക്കുന്നു. ഇപ്പോൾ തന്നെ നാട്ടിൽ അടഞ്ഞു കിടക്കുന്ന വീടുകൾ ആയിരക്ക ണക്കിന് കാണാം. വൈകാതെ വീടുകളുടെ ഒരു ശവപ്പറമ്പാകുമോ കേരളം? നമ്മുടെ യുവാക്കളെ നമുക്ക് ആവശ്യമില്ലേ? അവരെ ഇങ്ങനെ നാടുകടത്തണോ?

References: BharatPe's co-founder and MD Ashneer Grover/The Economic Times/Wikipedia and forwarded messages/The Observer Research Foundation and The World Economic Forum, 2018.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2022 ജനുവരി മാസം 5-ാം തിയതി ബുധനാഴ്ച്ച രാവിലെ 10 മണിക്ക് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു.

താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. പി.ഉണ്ണിക്കുഞ്ഞ്
6. കെ.എൻ.വിശ്വനാഥൻ നായർ
7. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
8. എൻ.സി.മാത്യു
9. വികെ പ്രഭാകരൻ

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2021 ഡിസംബർ 31 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് 2022 ജനുവരി 5-ാം തീയതി ബുധനാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം അറിയിക്കുന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VII | 100,000 | 164 | വി.റ്റി.കര്യൻ |
| 2 | VIII | 100,000 | 190 | ജോയി ജോർജ്ജ് |
| 3 | IX | 25000 | 212 | വി.ആർ.ബി.നായർ |
| 4 | X | 100,000 | 244 | സി.പി.മാത്യു |
| 5 | XI | 100,000 | 264 | വി.കെ.സിറിയക്ക് |
| 6 | XII | 100,000 | 296 | ജേക്കബ്ബ് തോമസ്,വി |

നറുക്ക് ലഭിച്ചവർക്ക് 2022 ഫെബ്രുവരി മാസം 11-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 10-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ “എ”ക്ലാസ്സ് അംഗത്വത്തിന് 3 അപേക്ഷകൾ ഉണ്ടായിരുന്നു.
1. ബി.ഗിരിജാകുമാരി, ലക്ഷ്മി നിവാസ്, അയർക്കുന്നം
2. അജിത്ത്.എൽ.ജോൺ,കുരിശുമ്മൂട്ടിൽ,പുത്തനങ്ങാടി, കോട്ടയം
3. ശാന്താ റ്റി.സി. ശ്രേജസ്, നട്ടാശ്ശേരി, കോട്ടയം

അംഗത്വം നല്കിയും ഓഹരികൾ അനുവദിച്ചും തീരുമാനമായി.

### വായ്പ്പ അപേക്ഷകൾ

ഒരു ലക്ഷം വീതം വായ്പ്പയ്ക്ക് പുതിയതായി 2 അപേക്ഷകൾ ലഭിച്ചത് പരിഗണിച്ച് ലോൺ അനുവദിക്കാൻ തീരുമാനമായി. കൂടാതെ 2 പേർ അപേക്ഷിച്ച 60,000ത്തിന്റെയും 50,000ത്തിന്റെയും വായ്പകൾക്കും ഭരണ സമിതി അനുമതി നല്കി.

## X11I-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. കുറച്ചു നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# ചുവന്ന ഇഞ്ചി

:. **(Red ginger)***

സാധാരണ ഇഞ്ചിയെക്കാൾ ഇരട്ടിയിലധികം വിളവ് കൂടുതൽ ഔഷധമൂല്യം, ഗുണമേൻമ, എരിവ്, മണം എന്നിവയൊക്കെ ഈ ഇഞ്ചിക്കുണ്ടെന്നാണ് പറയുന്നത്. ഒരു ഗ്രോ ബാഗിൽ നിന്ന് തന്നെ നാലു കിലോയിലധികം വിളവ് ലഭിക്കും. ഒരു ചുവട്ടിൽ നിന്നു നാനൂറിലേറെ ചിനപ്പുകൾ വളരും എന്നതിനാൽ അകലത്തിൽ നടണം എന്നുമാത്രം, രോഗബാധകൾ ഇല്ലാത്തതിനാൽ കീടനാശിനികളുടെ ആവശ്യം ഇല്ല. രോഗങ്ങൾമൂലം ഇഞ്ചി കൃഷിയിൽ ലക്ഷങ്ങൾ നഷ്ടപ്പെട്ട കർഷകന് ചുവന്ന ഇഞ്ചി രക്ഷയാകുമെന്നാണ് പ്രതീക്ഷ..

ചുവന്ന ഇഞ്ചി രക്തസമ്മർദ്ദം കുറയ്ക്കുന്നതിനും ബാക്ടീരിയ അണുബാധ തടയുന്നതിനും യൂറിക് ആസിഡ് കുറയ്ക്കുന്നതിനും വിഷവസ്തുക്കളിൽ നിന്ന് കരളിനെ സംരക്ഷിക്കുന്നതിനും, പ്രായമായവരിൽ ഹൃദയ, പ്രമേഹം പോലുള്ള വിട്ടുമാറാത്ത ഡീജനറേറ്റീവ് രോഗങ്ങളെ തടയാനും ചുവന്ന ഇഞ്ചിക്ക് കഴിയും.



രണ്ടു ഇല വന്നുകഴിഞ്ഞാൽ ചുവട്ടിൽ നിന്ന് ഇതിനെ അടർത്തിമാറ്റി അടുത്ത വിത്തായി കൃഷി ചെയ്യാം. സാധാരണ ഇഞ്ചിയുടെ പോലെ മൂപ്പായി കഴിഞ്ഞ ശേഷം പറിച്ചെടുത്തു വിത്തിനുള്ള ഇഞ്ചിയ്ക്കായി മാറ്റുന്ന പ്രക്രിയയോ, പുതിയ വിത്ത് ഇറക്കാൻ കാലതാമസമോ ഈ ചുവന്ന ഇഞ്ചിക്ക് ഇല്ല. കോട്ടയം പാമ്പാടിക്ക് സമീപം കണ്ടപ്പള്ളി വീട്ടിൽ ചെറിയാൻ (ഫോൺ: (94956 05452) ചുവന്ന ഇഞ്ചി ചുരുങ്ങിയ തോതിൽ വളർത്തുന്നു.. ചുവന്ന ഇഞ്ചിയെ കുറിച്ചു കൂടുതൽ അറിയാൻ വിലാസം: ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കോഴിക്കോട് –12

*കെ.എൻ. വിശ്വനാഥൻ നായർ സമാഹരിച്ച് അയച്ചു തന്നതിൽ നിന്നും

# നർമ്മ വീഥി










Future driving test...



# കൗതുക വാർത്തകൾ

Rabindranath Tagore with Albert Einstein in 1926



Good people still exist. A humble man washing milk before selling it



# വായനക്കാർ എഴുതുന്നു




പ്രിയപ്പെട്ടവരെ,

കൊയിലാണ്ടി ശാഖയിൽ ആംഡ് ഗാർഡായി ജോലി തുടരുന്നതിനിടയിൽ 1990ൽ അകാലത്തിൽ ദേഹവിയോഗം വന്ന എം കെ നാരായണൻ എന്ന സഹപ്രവർത്തകന്റെ വിധവയ്ക്ക് , ദൗർഭാഗ്യമെന്നു പറയട്ടെ, ഫാമിലി പെൻഷൻ അനുവദിച്ചില്ല. ബാങ്കിൽ അതുവരേക്കും ഫാമിലി പെൻഷൻ ആനുകൂല്യം നിലവിൽ ഇല്ലായിരുന്നു എന്നതാണ് കാരണം. പിന്നീട് 1991 മെയ് മാസത്തിൽ നമ്മുടെ ബാങ്കിൽ ഫാമിലി പെൻഷൻ സംവിധാനം ഏർപ്പെടുത്തിയ സർക്കുലർ പുറത്തിറക്കിയതിന്റെ അടിസ്ഥാനത്തിൽ , നാരായണന്റെ വിധവയ്ക്ക്ഫാമിലി പെൻഷൻ ആനുകൂല്യം ലഭ്യമാക്കാനു ള്ള ശ്രമം നടത്തിയെങ്കിലും പലകാരണങ്ങൾ കാണിച്ചു കൊണ്ട് ബാങ്ക് നിരാകരിക്കുകയായിരുന്നു. ഏറ്റവും ഒടുവിലായി എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ കോഴിക്കോട് ജില്ലാ കമ്മിറ്റിയംഗം സി പദ്മനാഭന്റെ നിരന്തരമായ ശ്രമത്തിൽ ഈവിഷയ ത്തിൽ ഇടപെടൽ നടത്തിയതിൻ ഫലമായി, നാരായണന്റെ ഭാര്യയ്ക്ക് ഫാമിലി പെൻഷൻ ബാങ്കിൽ നിന്നും അനുവദിച്ച് കിട്ടിയ സന്തോഷവാർത്ത ഏവരുമായും പങ്കിടുന്നു. ശ്രീ പത്മനാഭൻ അസ്സോസിയേഷന് അയച്ച കുറിപ്പും ഇവിടെ ചേർക്കുന്നു.

സ്നേഹത്തോടെ



കെ.രാജീവൻ, സംസ്ഥാന പ്രസിഡന്റ്

27/01/2022

സഖാവേ,

കുറച്ചു കാലത്തെ കാത്തിരിപ്പിനു ശേഷം നാം ഇടപെടൽ നടത്തിയ എംകെ നാരായണൻ, കൊയിലാണ്ടി, എന്നവരുടെ ഫാമിലി പെൻഷൻ ഭാഗികമായെങ്കിലും ബാങ്ക് അനുവദിക്കുകയും 2,43,000 രൂപ വിധവയുടെ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിരിക്കുന്നു എന്ന വിവരം സന്തോഷപൂർവം അറിയിക്കട്ടെ. ബാങ്കിലെ യൂണിയൻ നേതാക്കളും പെൻഷനേഴ്സ് അസോസിയേഷൻ നേതാക്കളും

ഇക്കാര്യത്തിൽ എടുത്ത സഹായകരമായ നിലപാടിന് ആ കുടുംബം വളരെ വളരെ നന്ദി അറിയിച്ചിരിക്കുന്നു.

സി പത്മനാഭൻ .
എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ കോഴിക്കോട്
27/01/2022

പ്രിയമുള്ളവരെ,

രണ്ടു സന്തോഷങ്ങൾ പങ്കു വയ്ക്കുന്നു: ഒന്ന്, എഴുത്തു കാരുടെ ഒരു അഖിലേന്ത്യാ പുസ്തക പ്രസിദ്ധീകരണ മത്സരത്തിൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് പുസ്തകം എഴുതി പ്രസിദ്ധീകരിച്ച നേട്ടത്തിന് ഒന്നാം സ്ഥാനത്തിനുള്ള പാരിതോഷികം, സർട്ടിഫിക്കറ്റ് എന്നിവ എനിക്കായിരുന്നു.. ഡിസംബർ മാസം ഞാൻ മൂന്നു പുസ്തകങ്ങൾ പുറത്തിറക്കി. (ശരാശരി പത്തു ദിവസത്തിൽ ഒരെണ്ണം). രണ്ട്: മഹാഭാരതകഥകളെയും സംഭവങ്ങളെയും ആധുനിക കാഴ്ച്ചപ്പാടിൽ വിലയിരുത്തുന്ന എന്റെ രണ്ടാം വാല്യവും അമേരിക്കയിൽ പുതിയ പുസ്തകങ്ങളിൽ ഒന്നാം സ്ഥാനത്തെത്തി, ബഹുമതിയായ ഓറഞ്ച് ടാഗ് നേടി. ഈ പുസ്തകവും ഇപ്പോൾ കരുണാകര ഗുരു ആശ്രമ പ്രസിദ്ധീകരണ കൌണ്ടറിൽ കിട്ടുന്നതാണ്. സുമനസുകളുടെ ആശംസകൾക്കും അതിൽ ഉൾച്ചേർന്ന പ്രാർഥനകൾക്കും നന്ദി



!

ഡോ.കെ.ആർ.എസ്.നായർ
തിരുവനന്തപുരം ജില്ലാ അംഗം




# കുരുമുളകിന് കണ്ടിക്ക് 4000 വില വന്ന കാലം.......'



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

എന്റെ അപ്പൂപ്പന്റെ കൈ പിടിച്ചു, കുഞ്ഞു കൊച്ചായി പറമ്പിലൂടെ നടക്കുമ്പോൾ നിത്യേന കേട്ടിരുന്ന ഒരു ഡയലോഗായിരുന്നു, " കുരുമുളകിന് കണ്ടിക്ക് 4000 വില വന്നിരുന്ന എന്റെ ചെറുപ്പകാലത്തു..... ". അതായതു ഉദ്ദേശം 150 വർഷങ്ങൾ മുൻപ്, "ഈ പറമ്പിൽ നിന്നും മൂന്ന് കണ്ടി കുരുമുളക് വരെ കാരണവന്മാർ പറിച്ചിരുന്നു....". ഇന്ന് രാവിലെ (15.01.22), ഒരു മുളകുപറികാരൻ സ്നേഹിതനൊത്തു, ഒരു കുരുമുളക് ചെടിച്ചോട്ടിൽ മേലോട്ട് നോക്കി നിന്നപ്പോൾ ആ വല്യപ്പന്റെയോർമ ഓടി വന്നു. ഇന്ന്, പറമ്പിൽ കൊടികൾ തീരെ കുറവ്, ഉള്ള കൊടിയിൽ മുളക് തീരെ കുറവ്, മുളക് പറിക്കാൻ ആളു തീരെ കുറവ്, ഉള്ള ഇച്ചിരെ മുളകിന് വിലയും തീരെ കുറവ് !.

ഞാൻ കുഞ്ഞായിരുന്നപ്പോൾ, അതായതു 60 വർഷങ്ങൾക്കു മുൻപ്, ഞങ്ങൾ പിള്ളേർ, 15 വയസിൽ താഴെയുള്ളവർ, ആറു പേരായിരുന്നു, വീട്ടിലുണ്ടായിരുന്നത്. ജനു - ഫെബ്രുവരി മാസക്കാലം, മുളക് പറിക്കാർ ഇറങ്ങുമ്പോൾ, ഞങ്ങൾ ആറു പേർ, പഴയ കൂട, സഞ്ചി, കുട്ടിപ്പാളാ, ഓരോന്ന് പെറുക്കി, അവർ ഓരോരുത്തരും കയറുന്ന കൊടിച്ചോട്ടിൽ, രാവിലെ മുതൽ നിൽപ്പുറപ്പിക്കും. എന്തിനാ?

അവരുടെ കൈയിൽ നിന്നു, താഴെ വീഴുന്ന മുളകുതിരികൾ തൽക്ഷണം പെറുക്കിയെടുക്കാൻ! അങ്ങനെ ഒരു ദിവസം കിട്ടുന്ന മുളക്, വൈകുന്നേരം മെതിച്ചു, അതിന്റെ വില മേടിച്ചു, സ്വകാര്യ സമ്പാദ്യമുണ്ടാക്കാൻ! ഒരാണ്ടത്തെ മുളകുപെറുക്കു സമ്പാദ്യം കൊണ്ടു വണക്കമാസത്തിനു പടക്കം മേടിക്കും, പുതിയ ക്ളാസിലെ പുസ്തകം മേടിക്കും, അവധിക്കാലത്തു ചുരുക്കമായി സിനിമ കാണും .... ഇതൊക്കെ സാധിക്കുമായിരുന്നു.

വർണന നീട്ടുന്നില്ല, അക്കാലത്തെ, രസകരമായ അവധിക്കാല തൊഴിലായിരുന്നു മുളക് പെറുക്കു. കൊടികൾ കടലാട്ടിയ ശേഷം പിന്നെ പറിച്ചെടുക്കുന്നതിനെ " കലാ പെറുക്കു " എന്നും വിളിച്ചിരുന്നു. ഇന്നത്തെ കുട്ടികൾക്ക് ഇതൊക്കെ എത്രയോ അന്യമായ അനുഭവം! പലർ കൂടി വട്ടമിട്ടു പറിച്ചാൽ ഒരു ദിവസം കൊണ്ടു പറിച്ചു തീർക്കാൻ കഴി

യാത്തത്ര വൻ കൊടികൾ അന്നുണ്ടായിരുന്നു എന്ന് പറഞ്ഞാൽ ഇന്നാര് വിശ്വസിക്കും !



### ശ്രമകരമായ കുരുമുളക് വിളവെടുപ്പ്

നെറ്റിയിലെ വിയർപ്പു കൊണ്ടു മാത്രം അന്നന്നയപ്പം ഭക്ഷിച്ചിരുന്ന പഴയകാല തിരു - കൊച്ചി - മലബാർ കർഷകരുടെ ഹൃദയത്തിൽ തിങ്ങി നിറഞ്ഞിരുന്ന കറുത്ത പൊന്നായിരുന്ന കുരുമുളകിന്റെ ഔഷധ- സുഗന്ധവ്യഞ്ജന മൂല്യങ്ങൾ ഇന്ന് എത്രയോ വർധിച്ചിരിക്കുന്നു!

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയ പരമ്പരാഗത നാണ്യവിളകളോട്, ഈ നാട് ഇപ്പോൾ പുലർത്തുന്ന അവഗണക്കു ഒരുനാൾ നമ്മൾ സമാധാനം പറയേണ്ടി വരും.

# ടെറാപ്ലെയിൻ കൊറിയർ സർവീസുമായി കെ.എസ്.ആർ.ടി.സി.

ഇന്ന് കേരളത്തിൽ ഏതെങ്കിലും ഒരു സാധനം കൊറിയര് / പാഴ്സൽ സർവീസ് മുഖേന 12 മണിക്കൂറില്ലിൽ മറ്റൊരു ജില്ലയിലുള്ള ഒരാൾക്ക് എത്തിച്ചു കൊടുക്കാൻ സാധിക്കുമോ? ഇല്ലെങ്കിൽ അതിനുള്ള പരിഹാരം ആണ് കെ.എസ്.ആർ.ടി.സി.യുടെ ടെറാപ്ലെയിൻ കൊറിയർ സർവീസ്. കേരളത്തിൽ എവിടെയും നമ്മുടെ സ്വന്തം കെ.എസ്. ആർ.ടി.സി ബസുകളിൽ മറ്റൊരാൾക്ക് അയച്ചു കൊടുക്കേണ്ടതെന്തും 12 മണിക്കൂറിനുള്ളിൽ ലക്ഷ്യസ്ഥാനത്ത് എത്തിക്കുവാൻ ടെറാപ്ലെയിൻ കൊറിയർ സർവീസ് നിങ്ങളെ സഹായിക്കുന്നു.

ഉദാഹരണം:

നിങ്ങൾക്ക് ഒരു ഡോക്യുമെന്റ്/ പാസ്പോര്ട്ട്/വിസ/ മരുന്നുകൾ /ഗിഫ്റ്റ്/ വീട്ടുപകരണം/ അങ്ങനെ എന്തും കേരളത്തിലെവിടെയും വളരെ കുറഞ്ഞ ചിലവിൽ അയച്ചു കൊടുക്കനാകും. നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. അയക്കേണ്ട പാഴ്സൽ നന്നായി പായ്ക്ക് ചെയ്ത് നേരെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്ഡിൽ ഉള്ള ടെറാപ്ലെയിൻ ഓഫീസിൽ പോവുക, അവർ നിങ്ങളുടെ പാഴ്സൽ തൂക്കി നോക്കി അതിന്റെ റേറ്റ് പറയും. അതിനുശേഷം ഒരു AWB ബിൽ തരും . ഈ ബിൽ നമ്പര് പാഴ്സൽ വാങ്ങേണ്ട ആള്ക്ക് പറഞ്ഞു കൊടുക്കുക, ഈ കൊറിയര് ലക്ഷ്യ സ്ഥാനത്തേക്കുള്ള ഏറ്റവും അടുത്ത കെ.എസ്.ആർ.ടി.സി ബസിൽ യാത്രയാകും.. പരമാവധി 12 മണിക്കൂറിനുള്ളിൽ നിങ്ങളുടെ പാഴ്സൽ നിങ്ങളുടെ സുഹൃത്തിനു വാങ്ങിക്കനാകും.

**കുറിപ്പ്:** അയയ്ക്കുന്ന അതേ ദിവസം തന്നെ കിട്ടേണ്ട സാധനങ്ങൾ രാവിലെ തന്നെ ബുക്ക് ചെയ്യുക,
2 തരം സര്വീസ് ആണ് ടെറാപ്ലെയിനിനുള്ളത്, ഒന്ന് എക്സ്പ്രസ്സ് സര്വീസ്, (അന്ന് തന്നെ കിട്ടണമെങ്കിൽ)
അടുത്തത് നോര്മൽ സര്വീസ്, (24 മണിക്കൂറിനുള്ളിൽ കിട്ടണമെങ്കിൽ).
എക്സ്പ്രസ്സ് സര്വീസിന് ഒരു കിലോ വരെ 150 രൂപയും സാധാരണ സര്വീസ്ആണെങ്കിൽ 55 രൂപയും ആണ് ചാർജ്.




ടെറാപ്ലെയിൻ കൊറിയർ സർവീസ് ഉള്ള ബസ് ഡിപ്പോകളുടെ പേരും ബന്ധപ്പെടാനുള്ള നമ്പറും ചുവടെ കൊടുക്കുന്നു,

| ഡിപ്പോ | കോ ാക്റ്റ് നമ്പർ |
|---|---|
| Adoor | 8921972253 |
| Alappuzha | 8892988889 |
| Angamaly | 9744614203 |
| Bangalore | 9980619261 |
| Coimbatore | 9447032911 |
| Chalakkudi | 8078809911 |
| Changanassery | 7510577071 |
| Cherthala | 9744902320 |
| Edappal | 9947959593 |
| Ernakulam | 9447651911 |
| Gudallur | 8667665812 |
| Guruvayur | 9995585599 |
| Kannur | 9188525911 |
| Kasaragod | 9567154403 |
| Kayamkulam | 6235737766 |
| Kodungalloor | 9746580257 |
| Kollam | 9846113049 |
| Kottarakkara | 9188618911 |
| Koothattukulam | |
| Kottayam | 9447955911 |

| | |
|---|---|
| Kozhikode | 9447845911 |
| Malappuram | 9188523911 |
| Manathavadi | 9964940165 |
| Mavelikkara | 9747042916 |
| Muvattupuzha | 7356860899 |
| Mangalore | |
| Nilambur | 6235617172 |
| North paravoor | 7510775059 |
| Ochira | 9562622238 |
| Pala | |
| Palakkad | 9188524911 |
| Pattambi | 9744606868 |
| Perithalmanna | 7034196395 |
| Perumbavoor | 9037992007 |
| Ponnanni | 6282673879 |
| Payyannur | 98 47 22 55 75 |
| Sulthan battery | 9446924885 |
| Thamarassery | 6238582482 |
| Thiruvalla | 8138812628 |
| Thodupuzha | 9656827930 |
| Thrissur | 9188555911 |
| Trivandrum | 9188520911 |
| Vaikom | 7306547181 |

# എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം 29.1.22 ന് 19.00 a.m നും 12.45 നും ഇടയിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടന്നു. കമ്മിറ്റി യോഗം. ജില്ലാ പ്രസിഡന്റ് . ടി.ഒ. ജോൺ, അധ്യക്ഷത വഹിച്ചു.



എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം

ജില്ലാ സെക്രട്ടറി രാജഗോപാൽ സ്വാഗത പ്രസംഗം നടത്തി. 18.12.21 ന് നടന്ന മുൻ ഓൺലൈൻ മീറ്റിംഗിന്റെ മിനിറ്റുകളും അദ്ദേഹം അവതരിപ്പിച്ചു, ചർച്ചകൾക്ക് ശേഷം കമ്മിറ്റി അംഗീകരിച്ചു.



ജില്ലാ സെക്രട്ടറി രാജഗോപാൽ സി.ജി

ശ്രീ കെ. പ്രഭാകര പ്രഭു, ജില്ല. ട്രഷറർ, 1.12.21 മുതൽ 31.12.21 വരെയുള്ള കാലയളവിലെ കണക്ക് സ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചു, അത് കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചു.



ശ്രീ കെ. പ്രഭാകര പ്രഭു, ജില്ലാ. ട്രഷറർ

തുടർന്നു നടന്ന പൊതു ചർച്ചയിൽ അംഗങ്ങളുടെ സംശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും, ജില്ലാ ഭാരവാഹികളും ഡിജിഎസും ജില്ല സെക്രട്ടറിയും മറുപടി നൽകി..

ബൈ ലോ പ്രകാരമുള്ള ത്രിവത്സര തിരഞ്ഞെടുപ്പിന്റെ നടത്തിപ്പ്, അതിന്റെ പ്രക്രിയ, എജിഎമ്മിന്റെ നടത്തിപ്പ് എന്നിവയെക്കുറിച്ച് ഡിജിഎസ് ശ്രീ ജോസഫ് പാലക്കൽ വിശദമായി വിശദീകരിച്ചു. തിരഞ്ഞെടുപ്പ് തീയതികളും മറ്റ് പ്രസക്തമായ കാര്യങ്ങളും യോഗത്തിൽ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. എറണാകുളം ജില്ലയുടെ തീയതി., സെന്റർ, എജിഎം , 19.3.21 ആയി നിശ്ചയിച്ചിരിക്കുന്നു.

വൈസ് പ്രസിഡന്റ് ഫ്രാൻസീസ് പി.പി.യുടെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.




കവിത

# മാനവികതയുടെ സ്നേഹപ്രപഞ്ചം



ജോസ് അഴകത്ത്

എന്റെ മയക്കത്തിലെവിടയോ തെളിയുന്നു
ഒരു സുന്ദര സ്വപ്നത്തിൻ പ്രകാശ ഗോപുരം
അവിടെ രാജ്യങ്ങൾക്കതിർവരമ്പുകളില്ല
അതിരുകാക്കാൻ ആളുമില്ല, ആയുധമില്ല
ഏവർക്കും ഉള്ളിലുണ്ടോരേക ദൈവം
എല്ലാറ്റിനും പോന്നോരദൃശ്യ ശക്തി പ്രഭാവം
മതവും ജാതിയുമില്ലാത്ത ലോകത്തിൽ
സാഹോദര്യം മാത്രമാണേവർക്കും മതം
വിദ്വേഷത്തിൻ വിത്തുകൾ മുളയ്ക്കാറില്ലവിടെ
ഉള്ളിലെ ഈശ്വരനെ തിരിച്ചറിയുന്നവർ മാത്രം
സ്നേഹ കാഹളം മുഴങ്ങുന്നുണ്ടെപ്പോഴും
എങ്ങും മാനവികതയുടെ സ്നേഹപ്രപഞ്ചം
ആനന്ദത്തിനവിടെ അതിരുകളില്ല!
ഇത് വെറുമൊരു മായിക സ്വപ്നമെങ്കിലും
ഉണരാതിരിക്കട്ടെ ആ മയക്കത്തിൽ
നിന്നൊരിക്കലും......

കെ.കെ.കൃഷ്ണൻ കുട്ടി (LM 1014) രചിച്ച മനോഹരമായ ഓയിൽ പെയിന്റിംഗ്



ഇറ്റലിയിലെ പ്രകൃതിരമണീയമായ നാട്ടിൻപുറ ഭൂഭാഗചിത്രം

## മാരകവിഷം വലിച്ചെടുക്കും ചുള്ളിക്കണ്ടൽ

വിഷാംശമുള്ള ഘനലോഹങ്ങളെ വലിച്ചെടുക്കാനും മണ്ണിനെ ശുദ്ധീകരിക്കാനുമുള്ള ചുള്ളിക്കണ്ടലിന്റെ കഴിവ് വ്യക്തമാക്കുന്ന ലേഖനം അന്താരാഷ്ട്ര ശാസ്ത്ര ജേർണലിൽ പ്രസിദ്ധം ചെയ്തു. സ്റ്റേറ്റ് ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ നാലുകണ്ടത്തിൽ ഗോപാലകൃഷ്ണന്റെ മകൻ ശരത് ജി നായർ അടങ്ങുന്ന സംഘമാണ് ഗവേഷണത്തിന് പിന്നിൽ.



ചുള്ളിക്കണ്ടൽ

കോഴിക്കോട് സർവകലാശാലയിലെ ബോട്ടണി വിഭാഗം മേധാവി ഡോ.ജോസ്.ടി.പുത്തൂരിന്റെ

നേതൃത്വത്തിൽ നടത്തിയ പഠനത്തിലാണ് ചുള്ളിക്കണ്ടലിന്റെ കഴിവുകൾ പുറത്തു വന്നത്.

# പി. ബി. ശിവജിക്ക് ബെസ്റ്റ് പെർഫോമർ അവാർഡ്



പി. ബി. ശിവജി

സ്റ്റേറ്റ് ബാങ്കിന്റെ തിരുവനന്തപുരം ഫിനാൻഷ്യൽ ലിറ്ററസി സൊസൈറ്റിയുടെ ഈ വർഷത്തെ ബെസ്റ്റ് പെർഫോമർ അവാർഡ് കോട്ടയം അംഗം പി. ബി. ശിവജിക്ക്.



SBI FINANCIAL LITERACY SOCIETY
THIRUVANANTHAPURAM

CERTIFICATE OF EXCELLENCE

Smt./Shri. Sivaji P. B.
Financial Literacy Counsellor, Pallom Block
"Best Performer"
for outstanding performance of
Financial Literacy Activities
During October 2021 - December 2021

ASSISTANT GENERAL MANAGER (LB)
Secretary, SBI Financial Literacy Society
Thiruvananthapuram

DEPUTY GENERAL MANAGER (FI)
Executive Committee Member, SBIFL Society
Thiruvananthapuram

കൂടാതെ ഈയിടെ അയ്മനം മേജർ ശ്രീ നരസിംഹസ്വാമി ക്ഷേത്രം ഉപദേശകസമിതി സെക്രട്ടറിയായി ശിവജി തെരഞ്ഞെടുക്കപ്പെട്ടു. എസ്ബിഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ **അഭിനന്ദനങ്ങൾ!!**

.

# ജനുവരി 2022 ന് വിരമിക്കുന്നവർ

ഈ മാസം സർവീസിൽ നിന്നു വിരമിക്കുന്ന എല്ലാ സഹപ്റവർത്തകർക്കും ഒരു സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം എല്ലാവരേയും സംഘടനയിലേക്ക് ഔപചാരികമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.
ബി സി ഉണ്ണികൃഷ്ണൻ നായർ, വൈസ്പ്റസിഡൻറ്

എസ്ബിഐയിൽ നിന്നും 2022 ജനുവരി 31ന് വിരമിക്കുന്നവർ

1. ആദം.എൻ.എച്ച്. ചീഫ് അസ്സോസിയേറ്റ്, മാറാടി എറണാകുളം,
2. മേരി ജോസഫ്, ചീഫ് അസ്സോസിയേറ്റ് മൂക്കന്നൂർ, എറണാകുളം
3. ശിവശങ്കർ.പി. അസി.ജനറൽ മാനേജർ, സാർക്ക് , എറണാകുളം
4. രാജമ്മ.ഒ.കെ. ഹെഡ് മെസ്സഞ്ച്ജർ എഴിഞ്ഞില്ലം, പത്തനംതിട്ട ,
5. സോമൻ.പി.കെ. സീനിയർ ഹെഡ് മെസ്സഞ്ച്ജർ വെണ്ണിക്കുളം, പത്തനംതിട്ട.,
6. സൂസി ജോൺ, ചീഫ് അസ്സോസിയേറ്റ് ചെട്ടികുളങ്ങര, ആലപ്പുഴ,
7. ഖലീൽ.കെ. സീനിയർ ഹെഡ് മെസ്സഞ്ച്ജർ പുന്നപ്ര, ആലപ്പുഴ
8. മനോഹരൻ.പി.ജി. സീനിയർ ഹെഡ് മെസ്സഞ്ച്ജർ കാഷ് അഡ്മിനിസ്ട്രേഷൻ സെൽ.കോട്ടയം
9. ഉഷാകുമാരി.കെ.എം, ഡെ. മാനേജർ, കൂടല്ലൂർ, കോട്ടയം
10. ജോർജ്ജ്.റ്റി.ജി. ചീഫ് അസ്സോസിയേറ്റ് തെള്ളകം, കോട്ടയം
11. പ്രകാശൻപിള്ള.വി സീനിയർ അസ്സോസിയേറ്റ്, ഉല്ലല ശാഖ, കോട്ടയം
12. സുഭല കുമാർ, ചീഫ് അസ്സോസിയേറ്റ കണ്ണൂർ,
13. രാജേന്ദ്രൻ.പി. ചീഫ് അസ്സോസിയേറ്റ് പെരിങ്ങത്തൂർ,
14. രൂപകുമാരി പൊച്ചപ്പൻ, ചീഫ് അസ്സോസിയേറ്റ്. തെക്കി ബസാർ, കണ്ണൂർ
15. വേണുനാഥൻ.വി.വി.എൻ. ചീഫ് അസ്സോസിയേറ്റ് കല്ലായി റോഡ്, കോഴിക്കോട്,
16. ഉസ്സൈൻ.എ. സീനിയർ ഹെഡ് വാച്ച് മാൻ താനൂർ,
17. പ്രഭാകരൻ.പി. സീനിയർ ഹെഡ് വാച്ച് മാൻ. കൈനാട്ടി,വയനാട്,
18. ജയനാരായണൻ.കെ.സ്പെഷ്യൽ അസ്സോസിയേറ്റ്, പാലക്കാട്,
19. ഹെലൻ ചാൾസ് അസി. മാനേജർ, പാലക്കാട്,
20. വിജയവല്ലി.ആർ. ഡെ. മാനേജർ റാസ്മെക്ക്, പാലക്കാട്,
21. ദേവേന്ദ്രൻ.എ.കെ. സീനിയർ അസ്സോസിയേറ്റ്. . ചാവക്കാട്, തൃശ്ശൂർ
22. വർഗീസ്.എൻ.എ. സീനിയർ ഹെഡ് വാച്ച് മാൻ. പാറേമേക്കാവ്, തൃശ്ശൂർ

23. ജോസഫ്.ജെ.കണ്ണത്ത് സീനിയർ ഹെഡ് മെസ്സഞ്ജർ, പുതുക്കാട്, തൃശ്ശൂർ
24. മോഹനൻ.സി.കെ. ചീഫ് മാനേജർ, ആർ.ബി.ഒ.2,തൃശ്ശൂർ,
25. ഗോപാലകൃഷ്ണൻ .വി. ചീഫ് മാനേജർ, ആർ.ബി.ഒ-4.പാലക്കാട്,
26. മഹീൻ കണ്ണ.എം. സീനിയർ ഹെഡ് മെസ്സഞ്ജർ, കൈതമുക്ക്, തിരുവനന്തപുരം ,
27. രാംകമാർ.വി. ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
28. രഞ്ജൻ.വി.സി., ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം (നിര്യാതനായി)
29. റോബർട്ട്.കെ.സോമസുന്ദരം, ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
30. പ്രതാപ് കമാർ.എൻ. ചീഫ് മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
31. പ്രദീപ് കമാർ. വി. ഡെ. മാനേജർ എസ്.ബി.ഐ.എൽ.ഡി., തിരുവനന്തപുരം
32. ആന്റണി മൈക്കിൾ, സീനിയർ ഹെഡ് വാച്ച് മാൻ., വിഴിഞ്ഞം

# ജോർജ്ജ്.റ്റി.ജി.



ജോർജ്ജ്.റ്റി.ജി.

.എസ്ബിഐ തെള്ളകം ശാഖയിൽനിന്നും 37 വർഷവും 2 മാസവും ദീർഘിച്ച സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം 2022 ജനുവരി 31-ാം തിയതി വിരമിക്കുന്ന ജോർജ്ജ്.റ്റി.ജി. ചീഫ് അസ്സോസിയേറ്റ്. ഭാര്യ: സംസ്ഥാന സർക്കാർ സർവീസിൽ നിന്നും വിരമിച്ച അച്ചാമ്മ.കെ.ജെ. മക്കൾ:കിശോർ.റ്റി.ജോർജ്ജ്, അമിത്ത്.റ്റി.ജോർജ്ജ്.. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു .യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# ഉഷാകുമാരി.കെ.എം



ഉഷാകുമാരി.കെ.എം

34 വർഷം 9 മാസം നീണ്ട സർവീസ് പൂർത്തിയാക്കിയ ശേഷം കോട്ടയം കുടല്ലൂർ, ശാഖയിൽ നിന്നും അസിസ്റ്റന്റ് മാനേജരായി വിരമിച്ച ഉഷാകുമാരി.കെ.എം, സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# മനോഹരൻ.പി.ജി.



മനോഹരൻ.പി.ജി.

28 വർഷവും ഒരു മാസവും 7 ദിവസവും ദീർഘിച്ച സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം സീനിയർ ഹെഡ് മെസ്സഞ്ജർ മനോഹരൻ.പി.ജി. കോട്ടയം കാഷ് അഡ്മിനിസ്ട്രേഷൻ സെല്ലിൽ നിന്ന് 2021 ജനുവരി 31-ാം തിയതി വിരമിച്ചു.

അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് കർമ്മനിരതനായിരിക്കുവാനും സജീവമായി പ്രവർത്തിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു . യാത്രാമംഗളങ്ങൾ!!

# പ്രകാശൻപിള്ള.വി.

30 വർഷം ദീർഘിച്ച സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം 2022 ജനുവരി 31-ാം തിയതി കോട്ടയം ഉല്ല ശാഖയിൽ നിന്നും സീനിയർ അസ്സോസിയേറ്റ് പദവിയിൽ നിന്ന് വിരമിച്ച പ്രകാശൻപിള്ള .വി.



പ്രകാശൻപിള്ള.വി

ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## 50-ാം വിവാഹ വാർഷികം

ഏറണാകുളം ജില്ലാ ട്രഷറാർ കെ.പ്രഭാകര പ്രഭുവിന്റേയും ശ്രീമതി.എ.മോഹിനീ ഭായിയുടേയും അൻപതാം വിവാഹ വാർഷികം 23.01.2022ന് സമുചിതമായി ആഘോഷിച്ചു. ദമ്പതികൾക്ക് ആയുരാരോഗ്യവും ക്ഷേമൈശ്വര്യങ്ങളും നേരുന്നു. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ എറണാകുളം ജില്ലാ കേന്ദ്രം ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.






ഏറണാകുളം ജില്ലാ ട്രഷറാർ കെ.പ്രഭാകരപ്രഭുവിന്റേയും ശ്രീമതി.എ.മോഹിനീ ഭായിയുടേയും 50-ാം വിവാഹ വാർഷികം ആഘോഷിച്ചപ്പോൾ പ്രിയതമയ്ക്ക് മധുരം നല്കി .പ്രഭാകര പ്രഭു.






# കെ.രാധാകൃഷ്ണൻ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം കെ.രാധാകൃഷ്ണൻ (LM No. 3711) ആനന്ദ് നിവാസ്, ശിവാഞ്ജലി റോഡ്, കണ്ണിയാമ്പുറം, ഒറ്റപ്പാലം മരണപ്പെട്ട വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 67 വയസ്സ് ആയിരുന്നു ദുഃഖാർത്തരായ കുടും ബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ്സ്അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# വർക്കി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി യൂണിറ്റ് അംഗം ശ്രീ.എ. വി. ജോസിന്റെ പിതാവ് വർക്കി ആശാരികുടിയിൽ, ഉടുമ്പന്നൂർ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 93 വയസ്സ് ആയിരുന്നു സംസ്കാരം 2022 ജനുവരി മാസം 2-ാം തിയതി ഞായറാഴ്ച്ച മങ്കുഴി സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ നടത്തി.



വർക്കി

ജോസിന്റെയും കുടുംബാംഗങ്ങളുടെയും ബന്ധു ക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷ നേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# കെ.ഇന്ദിര



കെ.ഇന്ദിര

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ആർ.സുജിത് കുമാറിന്റെ മാതാവ് കെ.ഇന്ദിര നിര്യാതയായി. 86 വയസ്സായിരുന്നു. സംസ്കാരം ജനുവരി 5 ബുധനാഴ്ച്ച രാവിലെ 10 മണിയ്ക്ക് മൺവിളയിലുള്ള മകന്റെ വീട്ടുവളപ്പിൽ നടത്തി. കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# രാധാമണിയമ്മ



രാധാമണിയമ്മ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിൽ ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റിയംഗമായ എം.ആർ.പ്രസന്നകമാരിയുടെ മാതാവ് രാധാമണിയമ്മ നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 90 വയസ്സായിരുന്നു. സംസ്കാരം 2022 ജനുവരി 7 മാതാവ് വെള്ളിയാഴ്ച്ച എം.ആർ.പ്രസന്നകമാരിയുടെ പെരുമ്പനച്ചിയിലുള്ള 'പാർവണ' ഭവനത്തിലെ വീട്ടുവളപ്പിൽ രാവിലെ 11.30 മണിക്ക് നടത്തി.

പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുശോചനവും അറിയിക്കുന്നു. ആദരാഞ്ജലികൾ!

# ജോയി തോമസ്

കൊമേഴ്ഷ്യൽ ബാങ്ക് എമ്പ്ളോയീസ് സഹകരണ സംഘം സെക്രട്ടറി (റിട്ട.) ജോയി തോമസ് നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു .

ദിർഘകാലം സൊസൈറ്റിയുടെ അമരക്കാരനായിരുന്നു കൊണ്ട് അതിനെ വളർത്തി വലുതാക്കി . നമ്മുടെ പ്രവർത്തകർ പലരും സർവീസിൽ ഉണ്ടായിരുന്ന കാലഘട്ടത്തിൽ സംഘത്തിൽ അംഗങ്ങളായിരുന്നുകൊണ്ടു അദ്ദേഹവുമായി നല്ല സു ഹൃദ്ബന്ധം സ്ഥാപിച്ചിരുന്നു . വളരെ ശാന്തനും സൗമ്യനും ആരെയും ആകർഷിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമ. നമ്മുടെ സംഘത്തിന്റെ (KDSRECS)രൂപീകരണവുമായി ബന്ധപ്പെട്ടു പലപ്പോഴും അദ്ദേഹത്തിന്റെ മാർഗ്ഗ നിർദ്ദേശം ലഭിച്ചിരുന്നു .



ജോയി തോമസ് കൊമേഴ്ഷ്യൽ ബാങ്ക് എമ്പ്ളോയീസ് സഹകരണ സംഘം സെക്രട്ടറി (റിട്ട.)

ജനുവരി 9 നു രാവിലെ 9 മണിക്ക് ശവ സംസ്കാരം നടത്തി. . അദ്ദേഹത്തിന്റെ ആകസ്മിക വേർപാടിൽ ദുഃഖിക്കുന്നു. കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെയും SBI പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്ററിന്റെയും പേരിലുള്ള അനുശോചനം അറിയിക്കുന്നു

# കെ.എൻ.രാമകൃഷ്ണൻ



കെ.എൻ.രാമകൃഷ്ണൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം ജില്ലാ കേന്ദ്രത്തിലെ അംഗമായ കെ.എൻ. രാമകൃഷ്ണൻ (എൽ.എം.8390) ആക്സ്മികമായി നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു. . അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# ലീലാമ്മ ഫിലിപ്പ്



ലീലാമ്മ ഫിലിപ്പ്

കോട്ടയം ചാലുകുന്ന് വളഞ്ഞാറ്റിൽ പരേതനായ വി.സി.ഫിലിപ്പിന്റെ (എസ്.ബി.ഐ.) സഹധർമ്മിണി ലീലാമ്മ ഫിലിപ്പ് (85) (AFM 86/87) നിര്യാതയായി. ഒളശ്ശ വാണിയംപറമ്പ് കുടുംബാംഗമാണ്. പരേത കോട്ടയം ഗിരിദീപം ബെഥനി സ്കൂളിൽ വൈസ് പ്രിൻസിപ്പളായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശവസംസ്കാരം 0801 2022 ന് അറുത്തൂട്ടി സെൻറ് തോമസ് മർത്തോമ്മാ പള്ളിയിൽ നടത്തി . മക്കൾ: സഞ്ജു (ദോഹ), സുനിൽ. മരുമകൾ: ആശ (ദോഹ). കൊച്ചുമക്കൾ: ഹെൽസ, ആദം.

എസ്ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്ററിന്റെ അനുശോചനം അറിയിക്കുന്നു . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# മീനാക്ഷി പുതുപ്പള്ളിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗവും പാലാ ഏരിയാ കമ്മറ്റി ജോയിന്റ് കൺവീനറുമായ അനിൽ കുമാർ.പി.ജി.യുടെ പ്രിയ മാതാവ് മീനാക്ഷി പുതുപ്പള്ളിൽ നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 95 വയസ്സായിരുന്നു.



മീനാക്ഷി പുതുപ്പള്ളിൽ

പരേതയോടുള്ള ആദരസുചകമായി നമ്മുടെ അസോസിയേഷന്റെ കോട്ടയം ജില്ല സെക്രട്ടറി പി എം ജേക്കബ്, പാലാ ഏരിയാ കമ്മറ്റി കൺവീനർ ജോസഫ് ജോൺ 21/01/2022 വെള്ളിയാഴ്ച രാവിലെ ഒൻപതു മണിക്ക് കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടു റീത്ത് സമർപ്പിച്ചു. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല കേന്ദ്രത്തിന്റെ അനുശോചനം ശ്രീ അനിൽകുമാറിനെയും കുടുംബത്തെയും അറിയിക്കുന്നു .പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# വി.റ്റി.ജേക്കബ്



വി.റ്റി ജേക്കബ് (ചാക്കോച്ചൻ)

മുൻ എസ്.ബി.റ്റി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ചീഫ് ഇൻസ്ട്രക്ട്ടർ (റിട്ട.) ആയിരുന്ന വി..റ്റി. ജേക്കബ് (ചാക്കോച്ചൻ) കുന്നുംപുറത്ത്, സെന്റ് തോമസ് പള്ളിയുടെ പുറകുവശം, .വട്ടയ്ക്കാട്ട്.തമ്പലക്കാട് നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 91 വയസ്സായിരുന്നു. ഭാര്യ:എടത്വ ഉലയ്ക്കപ്പടിയിൽ കടുംബാംഗം മേരിക്കുട്ടി. മക്കൾ: ജേക്കബ്ബ് തോമസ്, ബെറ്റി ജോജി, ബെന്നി, ബിജിമോൾ, മാർട്ടിൻ. ഭൗതികശരീരം 14-01-2022 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്കു ശേഷം 15-01-2022 ശനി 2.30 PM ന് തമ്പലക്കാട് സെന്റ് തോമസ് പള്ളി സിമിത്തേരിയിൽ അടക്കം നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# മോഹനൻ.കെ.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ അംഗം അനഘയിൽ മോഹനൻ.കെ. 78 വയസ്സ് കുന്നത്തറയ്ക്ക് സമീപം, ചാലാട്ട്, കണ്ണൂർ രാത്രിയിൽ ഉറക്കത്തിൽ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. എസ്. ബി. ഐ. റിട്ട. ഡെ. മാനേജറായിരുന്നു.




ഭാര്യ:നിർമ്മല, സഹോദരങ്ങൾ: ആസുദേൻ, ബാലകൃഷ്ണൻ, പരേതയായ സുശീല, സുമിത്ര. ശവസംസ്കാരം വീട്ടുവളപ്പിൽ നടത്തി.. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനെ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# എൽസമ്മ ജോസ്



എൽസമ്മ ജോസ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം പരേതനായ കെ.ജെ.ജോസിന്റെ സഹധർമ്മിണി, എൽസമ്മ ജോസ് (എ.എഫ്.എം.3570) കൊട്ടം വീട്, നിവ്യാ നഗർ, കലൂർ ആക്സ്മികമായി നിര്യാതയായ വിവരം അത്യന്തം ദുഖത്തോടെ അറിയിക്കുന്നു.

അവരുടെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# മറിയാമ്മ ഡൊമിനിക്



മറിയാമ്മ ഡൊമിനിക്

എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗവും മുൻ എസ്.ബി.റ്റി. റിട്ട. മാനേജരുമായ ഏറ്റുമാനൂർ പറേക്കാട്ടിൽ ജോയിയുടെ ഭാര്യാ മാതാവ് വെട്ടിക്കാട്ട് മറിയാമ്മ ഡൊമിനിക് നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. 98 വയസ്സായിരുന്നു. പൈക കോഴികൊത്തിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ് ഡോമിനിക് മക്കൾ : ജോയിച്ചൻ , മേരിക്കുട്ടി , ആനിയമ്മ , ത്രേസ്യാമ്മ തോമാച്ചൻ, സുനി സ്ലാവോസ് (കേരള കോൺഗ്രസ് എം കോട്ടയം ജില്ലാ സെക്രട്ടറി ) , എൽസമ്മ , ലൂസമ്മ .

മരുമക്കൾ : അന്നമ്മ വാച്ചാപറമ്പിൽ , പുളിങ്കുന്ന് ചാക്കോച്ചൻ ( എട്ടി നെയ്യാട്ടുശ്ശേരി ) , ജോയി പറേക്കാട്ടിൽ ഏറ്റുമാനൂർ റിട്ട . മാനേ ജർ , എസ്.ബി.ടി., കുട്ടിയച്ചൻ കുഴിഞ്ഞാലിൽ കുറുമണ്ണ് (അഞ്ജലി ട്രാവൽസ് , പാലാ ) , ഷീലമ്മ ( ചാലയ്ക്കൽ , തൊടുപുഴ ) , റീമി ( കൊട്ടുകാപ്പള്ളി , അരുവിത്തുറ ) , എം.കെ.തോമസുകുട്ടി മുതുപുന്നയ്ക്കൽ ഈരാറ്റുപേട്ട (വ്യാപാരി വ്യവസായി ഏ കോപനസമിതി കോട്ടയം ജില്ലാ പ്രസിഡന്റ് ) , സണ്ണി ഫിലിപ്പ് തേനമാക്കൽ

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# റഹീമ ഖാലിദ്



റഹീമ ഖാലിദ്

എസ്. ബി. ഐ. റിട്ട. മാനേജർ തട്ടാപറമ്പ് എ.എൻ.കെ.മൻസിൽ പരേതനായ എ.കെ.ഖാലിദിന്റെ ഭാര്യ റഹീമ ഖാലിദ് (FPM. 6479) മരണപ്പെട്ട വിവരം ഖേദത്തോടെ അറിയിക്കുന്നു. മക്കൾ: ഷക്കീല, ഷമീല, ഷിയാദ് . ഖബറടക്കം 23.01.2022 ശനിയാഴ്ച്ച രാവിലെ 9.30 മണിയ്ക്ക് ചാവടി പൊൻപുറം ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തി കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു. അനുശോചനം അറിയിക്കുന്നു.

# ഇ.ബാലകൃഷ്ണൻ



ഇ.ബാലകൃഷ്ണൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രത്തിലെ അംഗം പാലക്കാട് അംബികാപുരം, രാമ ഹർമ്യത്തിൽ ഇ.ബാലകൃഷ്ണൻ, മരണപ്പെട്ട വിവരം അഗാധമായ ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന എല്ലാ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും സമാധാനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എസ്.ബി.ഐ .പെൻഷണേഴ്സ് അസ്സോസിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം ജില്ലാ സെക്രട്ടറി രാധാകൃഷ്ണൻ പുല്ലഞ്ചേരി അറിയിക്കുന്നു.

# ഇ.ജെ.സെബാസ്റ്റ്യൻ



ഇ.ജെ.സെബാസ്റ്റ്യൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം ഇ.ജെ.സെബാസ്റ്റ്യൻ ചെങ്ങളായി വീട്, പാലാരിവട്ടം ജനുവരി 28–ാം തിയതി വെള്ളിയാഴ്ച്ച പുലർച്ചെ 1.30 മണിക്ക് ആകസ്മികമായി മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. 73 വയസ്സായിരുന്നു. ഭാര്യ: റീന സെബാസ്റ്റ്യൻ . ശവസംസ്കാരം 28-01-2022 വെള്ളിയാഴ്ച്ച 3.30 മണിക്ക് സെന്റ് ജോർജ്ജ് ഫൊറോനെ പള്ളി ഇടപ്പള്ളി പള്ളിയിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം ജില്ലാ സെക്രട്ടറി അറിയിക്കുന്നു.




# എം.വി.ജോസഫ്



എം.വി.ജോസഫ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ ചങ്ങനാശ്ശേരി ഏരിയാ ഏരിയാ കമ്മറ്റി അംഗം ആനി ജോസഫിന്റെ പിതാവ് എം.വി.ജോസഫ് (ബേബിച്ചായൻ) റിട്ട.ബി.ഡി.ഒ. ചെമ്പരത്തിമൂട്ടിൽ മുളമൂട്ടിൽ ചങ്ങനാശ്ശേരി മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. 93 വയസ്സായിരുന്നു. ശവസംസ്കാരം 31-01-2022 തിങ്കളാഴ്ച്ച 3 മണിക്ക് ഇടിഞ്ഞില്ലം വേങ്ങൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി. ആനിയോടും കുടുംബത്തോടും സംഘടനയുടെ പേരിലുള്ള അനുശോചനം അറിയിക്കുന്നു

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**
**ചീഫ് എഡിറ്റർ**

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

രക്ഷാധികാരി
ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ,
സംസ്ഥാന ജനറൽ സെക്രട്ടറി
പത്രാധിപ സമിതി
മാനേജിംഗ് എഡിറ്റർ
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
ചീഫ് എഡിറ്റർ
എം.ജി.രാഘവൻ
എഡിറ്റർ
പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
കെ. എൻ വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

